ഒരു ദൈവമോ?
പല ദൈവങ്ങളോ?

കലൈ മാമണി
അബ്ദുള്ള അടിയാർ

പ്രസിദ്ധീകരിച്ചത്

MASFOT
Raise Yourself To Help Mankind
NABA
MAS FOUNDATION TRUST

MAS Foundation Trust, 19, Thacker Street, Purasawalkam, Chennai 600084.
88388 92393

God had created the Universe and estableshed Adam (the first man) on the earth to live based on the following Three main Priciples only.
Until the doomsday these three priciples must be adhered by all.
You and your descendants must know and follow it in order to attain Paradise after death. Here are they:



Monotheism



Prophethood



Life after Death

ഒരു ദൈവമോ, പല ദൈവങ്ങളോ?

അബ്ദുല്ല അടിയാർ

വിവർത്തനം കെ.എം. എ റഷീദ്, ആലുവ

ആമുഖം

തമിഴ്നാട്ടിലെ കോയമ്പത്തൂരിനടുത്തുള്ള തിരുപ്പൂരിൽ 1935ലാണ് അടിയാറുടെ ജനനം. 1955 ൽ മെട്രിക്കുലേഷൻ പരീക്ഷ കഴിഞ്ഞ ഉടനെ 'മുരശൊലി' ദിനപത്രത്തിൽ സബ് എഡിറ്ററായി ചേർന്നു, വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ധാരാളം ലേഖനങ്ങൾ എഴുതി. അതിനു മുമ്പത്തെ ആറു വർഷക്കാലം അദ്ദേഹം എഴുതിയ ലേഖനങ്ങളാണ് അദ്ദേഹത്തെ സഹ പത്രാധിപരാക്കിയത്. മൂര ശൊലിയിൽ 'മൈൽപീലി' എന്ന തലക്കെട്ടിൽ ഒരു പംക്തിയുണ്ടായിരുന്നു. അതിലൂടെ അദ്ദേഹം തമിഴ് വായനക്കാരുടെ ഹൃദയം കവർന്നു. മുഖ്യമന്ത്രി കരുണാനിധിയായിരുന്നു പത്രാധിപർ. 17 വർഷം ആ ജോലിയിൽ അടിയാർ തുടർന്നു.

സ്വന്തമായി 17 നാടകങ്ങളെഴുതുകയും അതിൽ അഭിനയിക്കുകയും ചെയ്തിരുന്നു. 1982ൽ 'ഭാര്യ' ഭാര്യ' എന്ന കവിതാസമാഹാരം പുറത്തുവന്നു. 1992 ൽ അതിൻ്റെ ഇംഗ്ലീഷ് പതിപ്പ് പലയിടത്തുനിന്നും അവാർഡ് നേടി. നടൻ, സംവിധായകൻ, നിർമ്മാതാവ്, എന്നീ തുറകളിലും അടിയാർ കഴിവ് തെളിയിച്ചിട്ടുണ്ട്. 1982 ൽ തമിഴ്നാട് സർക്കാരിൻ്റെ 'കലൈമണി' അവാർഡ് ലഭിച്ചു.

ദൈവ നിഷേധിയായ അടിയാർ ആ ഘട്ടത്തിൽ മതഗ്രന്ഥങ്ങൾ വായിച്ചുതുടങ്ങി. ക്രിസ്തുമതം, ഹിന്ദുമതം, ബുദ്ധമതം, ജൈന മതം എന്നിവയുടെ ആത്മീയഗ്രന്ഥങ്ങളിലൂടെ അദ്ദേഹം കടന്നു പോയി അവസാനം ഖുർആനും നബി ചരിത്രവും വായിച്ചു. അവ അദ്ദേഹത്തിന്റെ കഠിന ദുഃഖങ്ങൾ മറക്കുന്നതിനും ആത്മീയമായ ഒരു പുനർജന്മത്തിനും ഹേതുമായി.

1987 ജൂൺ 6ന് അദ്ദേഹം ഇസ്ലാം സ്വീകരിച്ചു. മുസ്ലിമാകുന്നതിനു മുമ്പും ശേഷവും അദ്ദേഹം ഇസ്ലാമിനെ സംബന്ധിച്ച്

ധാരാളം ഗ്രന്ഥങ്ങൾ രചിച്ചുണ്ട്. അതില ഒരു കൃതിയാണ് വായനക്കാരുടെ കൈയിലിരിക്കുന്ന ഈ കൃതി എല്ലാ ദർശനങ്ങളെയും നന്നായി പഠിച്ച ഒരു സാഹിത്യകാരൻ എന്ന നിലക്ക് ഈ കൃതി മലയാള വായനക്കാർക്ക് തങ്ങളുടെ ചിന്താഗതിയെ പുനപ്പരിശോധിപ്പിക്കാൻ സഹയാകമാകുമെന്നു കരുതുന്നു.

ജഗന്നിയന്താവ് ഇരുട്ടിൽ തപ്പുന്ന ഹൃദയങ്ങൾക്ക് പ്രകാശം പകരാൻ ഇതൊരു കൈത്തിരിയാവട്ടെ എന്ന് ആശംസിച്ചുകൊണ്ട് നിങ്ങളുടെ കരങ്ങളിൽ അർപ്പിക്കുന്നു.

കെ. എം. രിയാലു

ഉള്ളടക്കം

1. ഒരു ദൈവമോ പല ദൈവങ്ങളോ?..

2. പല ദൈവങ്ങളില്ലെന്നോ?

3 ബഹുദൈവ വിശ്വാസികളുടെ വേദം

4. ഇസ്ലാം ഏറ്റവും പുരാതന മതം

5. വിഗ്രഹങ്ങളും ഛായാചിത്രങ്ങളും ആരാധിക്കാമോ?

6. മനസ്സിനെ ഏകാഗ്രമാക്കുന്നത് ശിലാരൂപമോ?

7. വിഗ്രഹങ്ങൾക്കു ശക്തിയുണ്ടോ?

8. പ്രകൃതിശക്തികൾ ദൈവമാണോ?

9. നമ്മിൽ ദൈവമുണ്ടോ അതോ നാം തന്നെ ദൈവമാണോ?

10. അവതാരങ്ങൾ ദൈവമാണോ?

11. സ്ത്രീദൈവങ്ങളെ അംഗീകരിക്കാമോ?

12. പുനരാലോചനക്കു സമയമായി

13. നിങ്ങളുടെ ദൈവം എങ്ങനെയുള്ളവൻ?

14. ദൈവത്തിനു കാണിക്കയോ?

15. പൂർവ്വമതത്തെ പാടേ ഉപേക്ഷിക്കണമോ?

1. ഒരു ദൈവമോ പല ദൈവങ്ങളോ?

ഒരു ദൈവമോ പല ദൈവങ്ങളോ എന്ന വിഷയത്തെ സംബന്ധിച്ച ചർച്ച അറിവിൻ്റെ കൈത്തിരി മനുഷ്യമനസ്സിനു പ്രകാശിതമാക്കുമെന്നതിൽ സംശയമില്ല. ആ വിഷയം സംബന്ധിച്ച ചില ചോദ്യോത്തരങ്ങളും അതിൻ്റെ വിശദമായ വിവരണങ്ങളുമാണ് താഴെ കൊടുത്തിരിക്കുന്നത്.

ചോദ്യം: ഇസ്ലാം പരിചയപ്പെടുത്തുന്ന ദൈവവിശ്വാസവും ഇതര മതങ്ങൾ പരാമർശിക്കുന്ന ദൈവവിശ്വാസവും തമ്മിലുള്ള വ്യത്യാസം എന്താണ്?

ഉത്തരം: ദൈവം ഒരുവൻ മാത്രം എന്ന സത്യം യാതൊരു സംശയത്തിനോ ദുർവ്യാഖ്യാനത്തിനോ പഴുതില്ലാത്ത വിധം വളച്ചുകെട്ടില്ലാതെ ഇസ്‌ലാം മതം ഉദ്ഘോഷിക്കുന്നു. മറ്റു മതങ്ങളിൽ പല ദൈവങ്ങളുടെ ഗുണഗണങ്ങൾ വാഴ്ത്തിപ്പറയുകയും ആ ദൈവങ്ങളെയെല്ലാം ആരാധിക്കുകയും ചെയ്യുന്നു.

എന്നാൽ, ഈ ഭൂമിയും ആകാശവും ഉൾപ്പെട്ട ഈ മഹാപ്രപഞ്ചത്തെയും അതിലുള്ള കണക്കറ്റ ജീവജാലങ്ങളെയും

സൃഷ്ടിച്ചു സംരക്ഷിച്ചു നിയന്ത്രിക്കുന്നത് ഇവരിൽ ഏതു ദൈവമാണ്? ഇങ്ങനെ ചോദിച്ചാൽ ഈ ബഹുദൈവവിശ്വാസികൾ പല വിധത്തിലുള്ള അഭിപ്രായമാകും നല്കുക. ഒരാളുടെ അഭിപ്രായം മറ്റൊരാൾ അംഗീകരിക്കുകയില്ലെന്നു മാത്രമല്ല, എതിർക്കുകയും ഖണ്ഡിക്കുകയും ചെയ്യും.

ഇന്ത്യയിലുള്ള ഒരു മതത്തിൽ, സൃഷ്ടികർമ്മം നടത്തുന്ന ദൈവത്തെ സൃഷ്ടിച്ചവൻ മറ്റൊരു ദൈവമാണെന്ന വസ്തുതയും ഉൾപ്പെടും. എന്നാൽ, അല്ലാഹു ഒരുവൻ മാത്രമാണ്. സൃഷ്ടികർത്താവും ആഹാരം നല്കി സംരക്ഷിക്കുന്നവനും സംഹാരകനുമെന്ന് പരിശുദ്ധ ഖുർആൻ എന്ന ദൈവിക ഗ്രന്ഥം വളരെ വ്യക്തമായി പ്രസ്താവിക്കുന്നു.

“ഭൂമിയിലുള്ളതെല്ലാം നിങ്ങൾക്കുവേണ്ടി സൃഷ്ടിച്ചത് അവനാകുന്നു. എന്നിട്ടവൻ ഉപരിലോകത്തിലേക്കു തിരിയുകയും എന്നിട്ടതിനെ ഏഴ് വാനങ്ങളാക്കി സംവിധാനിക്കുകയും ചെയ്തു. അവൻ എല്ലാ കാര്യങ്ങളും സൂക്ഷ്മമായി അറിയുന്നവനത്രെ." (വി.ഖു. 2:29)

“ആകാശ-ഭൂമികളെ മുൻ മാതൃകയില്ലാതെ സൃഷ്ടിച്ചവനാകുന്നു അവൻ. അവൻ ഒരു കാര്യം തീരുമാനിച്ചാൽ അതു സംഭവിക്കട്ടെ എന്നരുളുകയേ വേണ്ടൂ. അപ്പോൾ അതു സംഭവിക്കുകയായി." (വി.ഖു. 2:117)

“അവൻ ആകാശ-ഭൂമികളെ യാഥാർത്ഥ്യാധിഷ്ഠിതമായി സൃഷ്ടിച്ചിരിക്കുന്നു." (വി.ഖു.16:3)

“അല്ലാഹു സകല വസ്തുക്കളുടെയും സ്രഷ്ടാവാകുന്നു.” (വി.ഖു . 39: 62)

“അപ്രകാരം തന്നെയാണ് അല്ലാഹുവിൻ്റെ ദൃഷ്ടാന്തങ്ങളെ നിഷേധിച്ചവർ (സന്മാർഗത്തിൽനിന്നു) തെറ്റിക്കപ്പെടുന്നത്.” (വി.ഖു. 40: 63)

ദൈവം ഒരുവൻ മാത്രമാണെന്നതിന് ഇതുപോലുള്ള എത്രയോ ദൈവിക വചനങ്ങൾ ഖുർആനിലുണ്ട്. എന്നാൽ, ബഹുദൈവ വിശ്വാസികൾക്ക് അവരുടെ വിശ്വാസത്തിന് ആധാരമായി വല്ല ദൈവിക വചനമോ വേദമോ ഉണ്ടോ? ഉണ്ടെങ്കിൽ തന്നെ ഇതേ മാതിരിയു ള്ള വചനങ്ങളോ മറ്റാധാരങ്ങളോ ഉണ്ടോ? തീർച്ചയായും ഇല്ല.

ബഹുദൈവവിശ്വാസികൾക്ക് അവരുടെ വിശ്വാസത്തിനും ആരാധനക്കും അടിസ്ഥാനമായി വല്ല വേദവും കൈവശമുണ്ടോ എന്നു ഖുർആൻ ചോദിക്കുന്നു.

“അതല്ല, അവർക്ക് ഇതിനുമുമ്പ് വല്ല ഗ്രന്ഥവും നല്കിയിട്ട് അവരതിൽ മുറുകെപ്പിടിച്ചു നിൽക്കുകയാണോ? അല്ല, ഞങ്ങളുടെ പിതാക്കൾ ഒരു മാർഗം പിന്തുടരുന്നതായി കണ്ടു; തീർച്ചയായും ഞങ്ങൾ അവരുടെ കാല്പാടുകളിൽ നേർമാർഗം കണ്ടെത്തിയിരിക്കുകയാണ് എന്നാണവർ പറഞ്ഞത്." (43:21,22) ഇതാണു സത്യം. ബഹുദൈവവിശ്വാസികൾക്കുള്ള ഒരേ ഒരാധാരം തങ്ങളുടെ പൂർവികർ ബഹുദൈവാരാധന ചെയ്തിരുന്നു എന്നതു മാത്രമാണ്. അതിനാൽ ഞങ്ങളും അതു ചെയ്യുന്നു എന്നതു മാത്രമാണ്. എന്നാൽ, ഇപ്പറയുന്നത് സത്യമാണോ എന്നു പരിശോധിച്ചാൽ അതും അല്ല എന്നതാണ്. ഇവർ പറയുന്ന പൂർവികരും അവരുടെ പൂർവികരും ആദി കാലം മുതലേ ഏകദൈവാരാധനയി ൽ മാത്രം കഴിഞ്ഞവരായിരുന്നു. ഇവരുടെ വിശ്വാസത്തിൽ പിന്നീട് മാത്രം കലർന്ന ഒന്നാണ് ബഹുദൈവാരാധന. തങ്ങളുടെ പൂർവികരെ പിൻപറ്റിയാണ് തങ്ങൾ ബഹുദൈവാരാധന ചെയ്യുന്നതെന്ന ഇവരുടെ വാദവും സത്യമല്ല.

2000 വർഷങ്ങൾക്കു മുമ്പുള്ള ചരിത്രം പരിശോധിച്ചാൽ അന്നാരാധിക്കപ്പെട്ടിരുന്ന ദൈവങ്ങളൊന്നും തന്നെ ഇപ്പോൾ ആരാധിക്കപ്പെടുന്നില്ല. ഇപ്പോൾ ആരാധിക്കപ്പെടുന്ന യാതൊന്നും അന്നുണ്ടായിരുന്നില്ല. പുതിയ പുതിയ ദൈവങ്ങൾ ഓരോ ദിവസവും പ്ര ത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നു. പല ദൈവങ്ങളും ആരാധിക്കപ്പെടാതെ പ്രതിഷ്ഠിച്ചിരുന്ന അമ്പലങ്ങൾ ജീർണിച്ചു നശിച്ചുപോയ ചരിത്രം എഴുതിയത് അവയുടെ

ആരാധകർ തന്നെയാണ്. ഈ ബഹു ദൈവ വിശ്വാസികൾ അവരുടെ വിശ്വാസത്തിൽ ഉറച്ചുനിൽക്കുന്നവരാണോ എന്നു പരിശോധിച്ചാൽ അതുമില്ല.

ഉദാഹരണമായി, നിരീശ്വര വാദികളുമായി ചർച്ചക്കോ വാദ പ്രതിവാദത്തിനോ ഒരുമ്പെട്ടാൽ ദൈവമുണ്ടെന്ന വാദം എങ്ങനെയാണ് ഇവരാരംഭിക്കുന്നത്. ഈ ഭൂമിയെ സൃഷ്ടിച്ചതാര്? ഈ പ്രപഞ്ചത്തെ സൃഷ്ടിച്ചതാര്? ഈ ഭൂമിയിലുള്ള കണക്കറ്റ ജീവജാലങ്ങൾ ക്ക് ആഹാരം നല്കുന്നവനാര്? അവരെയെല്ലാം സംരക്ഷിക്കുന്നതാര് എന്നിങ്ങനെ നിരവധി ചോദ്യങ്ങൾ നിരത്തിവെച്ച് ഇവയെല്ലാം ചെയ്യുന്ന ഒരു മഹാശക്തിയില്ലേ എന്നാണു ചോദിക്കാറ്. ഇതൊക്കെ ചെയ്യുന്ന രണ്ടു ശക്തികൾ അല്ലെങ്കിൽ മൂന്നു ശക്തികൾ, അല്ലെങ്കിൽ അനേകം ശക്തികളില്ലേ എന്നു ചോദിക്കാറില്ലല്ലോ.

അതായാത്, നിരീശ്വരവാദിയെയും അവരുടെ വാദത്തെയും ഖണ്ഡിച്ചു സത്യത്തെ മനസ്സിലാക്കിക്കൊടുക്കാനുള്ള ശക്തി ഏക ദൈവവാദത്തിനും അതിൻ്റെ അടിസ്ഥാനത്തിലുള്ള വിശ്വാസത്തിനും മാത്രമേയുള്ളൂ എന്നു വ്യക്തമാകുന്നു; ബഹുദൈവവിശ്വാസത്തിനില്ലെന്നും.

നിരീശ്വരവാദികളോടു ബഹുദൈവവിശ്വാസികൾ ചോദിക്കുന്ന ഈ ചോദ്യം നാം ദൈവവിശ്വാസികളോടു തന്നെ ചോദിച്ചാൽ അവരെന്തു മറുപടി നല്കും? തീർച്ചയായും ഏക ദൈവവിശ്വാസത്തിൽ അധിഷ്ഠിതമായ മറുപടിയാവും നല്കുക.

തീർച്ചയായും ഇതേ ആശയം പരിശുദ്ധ ഖുർആൻ വിവരിക്കുന്നതു നോക്കുക,“പറയുക: ആകാശത്തുനിന്നും ഭൂമിയിൽനിന്നും നിങ്ങൾക്ക് ആഹാരം നൽകുന്നതാരാണ്? അതല്ലെങ്കിൽ കേൾവിയും കാഴ്ചകളും അധീനപ്പെടുത്തുന്നത് ആരാണ്? ജീവനില്ലാത്തതിൽ നിന്ന് ജീവനുള്ളതും ജീവനുള്ളതിൽനിന്ന് ജീവനില്ലാത്തതും പുറ പ്പെടുവിക്കുന്നതും ആരാണ്? കാര്യങ്ങൾ നിയന്ത്രിക്കുന്നതും ആരാണ്?

അവർ പറയും: അല്ലാഹു എന്ന്. അപ്പോൾ പറയുക: എന്നിട്ടും നിങ്ങൾ സൂക്ഷ്മത പാലിക്കുന്നില്ലേ?" (വി.ഖു 10:31)

പരിശുദ്ധ ഖുർആൻ നബിയെ നോക്കി ബഹുദൈവവിശ്വാസികളോടു ചോദിക്കാൻ കല്പിക്കുന്ന ചോദ്യങ്ങളാണ്. ഇവയ്ക്ക് ഉത്തരം നല്കാൻ 1400 വർഷം മുമ്പുള്ള ബഹുദൈവവിശ്വാസികൾക്കു സാധിച്ചിട്ടില്ല. ഇപ്പോഴുള്ള അവരുടെ പിൻതലമുറക്കാരായ ബഹു ദൈവവിശ്വാസികൾക്കും ഉത്തരം നല്കുക സാധ്യമല്ല.

സാധാരണ ജീവിതത്തിൽ പോലും ഈ ബഹുദൈവ വിശ്വാസികൾക്ക് എന്തെങ്കിലും പീഡനങ്ങളോ ദുരിതങ്ങളോ ബാധിച്ചാൽ ദൈവം ഒരുവനുണ്ടല്ലോ അവൻ നോക്കിക്കൊള്ളും എന്നാണ് ഇവർ പറയുകയും ആവലാതിപ്പെടുകയും ചെയ്യുക.

അല്ലാതെ ദൈവം രണ്ടുപേരുണ്ടല്ലോ, കുറേപ്പേരുണ്ടല്ലോ അവർ നോക്കിക്കൊള്ളും എന്നൊന്നും പറയാറില്ല. ഈ സത്യം പരിശുദ്ധ ഖുർആൻ സ്വശൈലിയിൽ വെളിപ്പെടുത്തുന്നതു കാണുക.

ചോദിക്കുക: ആകാശ-ഭൂമികളിൽനിന്ന് നിങ്ങൾക്കാഹാരം തരുന്നതും, നിങ്ങളുടെ കേൾവിയും കാഴ്ചയും നിയന്ത്രിക്കുന്നതുമാരാണ്? ജീവനില്ലാത്തതിൽനിന്ന് ജീവനുള്ളതിനെയും ജീവനുള്ള തിൽനിന്ന് ജീവനില്ലാത്തതിനെയും പുറത്തു കൊണ്ടുവരുന്നതും കാര്യങ്ങൾ നിയന്ത്രിക്കുന്നതും ആരാണ്? അല്ലാഹു തന്നെയാണെന്ന് അവർ പറയും. അപ്പോൾ ചോദിക്കുക: എന്നിട്ടും നിങ്ങൾ സൂക്ഷിക്കുന്നില്ലേ?" (10:31)

മറ്റൊരുതരം വിചിത്രമായ ബഹുദൈവ വിശ്വാസികളുമുണ്ട്. അവർ ആദർശപരമായി ഏകദൈവ വിശ്വാസം അംഗീകരിക്കുന്നുണ്ടെങ്കിലും, പ്രയോഗത്തിൽ, ബഹുദൈവ വിശ്വാസവും ബഹുദൈവാരാധനയും കൈക്കൊള്ളുന്നവരാണ്.

ഒരേദൈവം, ഒരേദേവൻ ദൈവം എന്നതു ഒരുവനേ താൻ
ഒരേദൈവം, നിന്നേ മാത്രം ഹൃദയത്തിൽ വണങ്ങുന്നു ദിനവും
ഞങ്ങൾ"

(ഒരു തമിഴ് കവിതയുടെ ഗദ്യ വിവർത്തനം!)

ഇങ്ങനെയുള്ള പാട്ടുകളെല്ലാം സദാ പാടിക്കൊണ്ടിരിക്കും. പക്ഷേ, പ്രായോഗിക ജീവിതത്തിൽ മറ്റു പലദൈവങ്ങളിലും വിശ്വസിക്കുകയും അവർക്കു വഴിപാടും ആരാധനയും അർപ്പിക്കുകയും ചെയ്യുന്നു. ലോകത്തുള്ള മറ്റെല്ലാ മതങ്ങളിലും ഇങ്ങനെയുള്ള വിശ്വാസ പ്രശ്നങ്ങൾ കാണുന്നുണ്ട്. എന്നാൽ, ഇസ്ലാം മാത്രം, ഒരേ ദൈവം തന്നെ സ്രഷ്ടാവും രക്ഷിതാവും സംഹാരകർത്താവും എന്ന തത്ത്വത്തിൽ അടിയുറച്ചു നിലകൊള്ളുന്നു. വിശ്വാസത്തിലും ഒരേ ദൈവം.

ആരാധനാ കർമ്മങ്ങളിലും അതേ ദൈവം. പ്രായോഗിക ജീവിതത്തിലും അതേ ദൈവംതന്നെ എന്ന സത്യം വളരെ വ്യക്തമായും സംശയാതീതമായും ഇസ്ലാം വെളിപ്പെ ടുത്തുന്നു.

അൻറാർട്ടിക്കപോലുള്ള ധ്രുവപ്രദേശത്തോ സഹ്യാദ്രിപോലുള്ള മലമ്പ്രദേശത്തോ ഗംഗാതീരത്തോ ചെങ്കടൽ തീരത്തോ സഹാറാ മരുഭൂമിയിലോ ലോകത്തിൻ്റെ മറ്റേതെങ്കിലുമൊരു മുക്കിലോ മൂലയിലോ ഉള്ള ഒരു മുസ്ലിമിനെ നോക്കി ദൈവം എത്ര പേരാണ്? ആ ദൈവം ആരാണ് എന്ന ചോദ്യത്തിന് ഒരു ഉത്തരമേ കിട്ടു. ആ ഉത്തരം പരിശുദ്ധ ഖുർആൻ വിശദീകരിക്കുന്നത് ശ്രദ്ധിക്കുക.

“എനിക്ക് ശേഷം ഏതൊരു ദൈവത്തെയാണ് നിങ്ങൾ ആരാധിക്കുക? എന്ന് യഅ്ഖൂബ് നബി, മരണം ആസന്നമായ സന്ദർഭത്തിൽ തന്റെ സന്തതികളോട് ചോദിച്ചപ്പോൾ നിങ്ങളവിടെ സന്നിഹിതരായിരുന്നോ? അവർ പറഞ്ഞു: 'താങ്കളുടെ ആരാധ്യനായ, താങ്കളുടെ പിതാക്കളായ ഇബ്റാഹീമിൻ്റെയും ഇസ്മാഈലിന്റെയും ഇസ്ഹാഖിന്റെയും ആരാധ്യനായ ഏകദൈവത്തെ മാത്രം

ഞങ്ങൾ ആരാധിക്കും. ഞങ്ങൾ അവന്ന് കീഴ്പ്പെട്ടു ജീവിക്കുന്നവരുമായിരിക്കും ” (2:133)

“നിങ്ങളുടെ ദൈവം ഏകദൈവം മാത്രമാകുന്നു. അവനല്ലാതെ യാതൊരു ദൈവവുമില്ല. അവർ പരമകാരുണികനും കരുണാനിധിയുമത്രെ" . (വി.ഖു. 2:163)

“അല്ലാഹു അവനല്ലാതെ ദൈവമില്ല" (2: 255)
.....ആരാധനക്കർഹനായ ദൈവം ഒരുവൻ മാത്രമാണ് (4: 171)

.... ഏകദൈവമല്ലാതെ ഒരു ദൈവമില്ലതന്നെ.” (5:73)
....ആരധനക്കർഹനായി അവൻ മാത്രമേയുള്ളൂ.” (6: 19)
.....അല്ലാഹുവിനു കീഴ്പ്പെട്ടു ജീവിക്കുക. അവനല്ലാതെ നിങ്ങൾക്കു വേറെ ദൈവമില്ല തന്നെ." (7: 65)

“നബിയേ, അവരോടു ചോദിക്കുക: ആകാശ ഭൂമികളുടെ നാഥൻ ആരാകുന്നു? അവൻ അല്ലാഹു മാത്രമാണെന്നു പറയുക." (13:16)

“അല്ലാഹു കല്പിക്കുന്നു. രണ്ടു ദൈവങ്ങളെ നിങ്ങൾ സ്വീകരിക്കരുത്. അവൻ ഒരേ ഒരുവൻ മാത്രമേയുള്ളൂ....." (16: 51)

*പറയുക. ഞാൻ നിങ്ങളെപ്പോലുള്ള ഒരു മനുഷ്യൻ മാത്രമാകുന്നു. നിങ്ങളുടെ ദൈവം ഏകദൈവം മാത്രമാണെന്ന് എനിക്കു ദിവ്യബോധനം ലഭിക്കുന്നു." (18: 110)

ഇപ്രകാരം ഖുർആനിലുള്ള ധാരാളം സൂക്തങ്ങൾ ദൈവം ഒരുവൻ എന്ന തത്വം സ്ഥിരീകരിക്കുന്നു. അതായത്, ദൈവവിശ്വാസത്തിൽ വ്യക്തതയും സത്യവും സ്ഥിരതയും ഉൾക്കൊണ്ടതാണ് ഇസ്ലാം. ഒരേ ഒരു ദൈവത്തെ മാത്രം മനസ്സിൽ ധ്യാനിച്ച് അവൻറെ മുമ്പിൽ മാത്രം തലകുനിച്ചു വണങ്ങി അവനോടു മാത്രം കൈ നീട്ടി അർപ്പിച്ചു ജീവിക്കുന്നവരാണ് മുസ്ലിംകൾ.

2. പല ദൈവങ്ങളില്ലെന്നോ?

ചോദ്യം: മറ്റൊരു മതത്തിൽ വിശ്വസിക്കുന്ന എൻ്റെ സുഹൃത്ത് എന്താണ് നിങ്ങൾ ഒരു ദൈവത്തെ മാത്രം വെച്ചിരിക്കുന്നത്. എന്തുകൊണ്ട് രണ്ടോ മൂന്നോ ദൈവങ്ങളെ വെച്ചു പൂജിച്ചുകൂടാ? എന്നു ചോദിക്കുന്നു.

ഉത്തരം: ദൈവത്തെ വെച്ചു പൂജിക്കുകയോ! അവൻ പൂച്ചെടിയോ മറ്റെന്തെങ്കിലും സാധനമോ ആണോ? ഒന്നോ രണ്ടോ മൂന്നോ വെച്ചിട്ടുണ്ട് എന്നു പറയുന്നത് ദൈവത്തെ നിങ്ങളുടെ ഇഷ്ടപ്രകാരം സങ്കല്പിച്ച് ഒരു പദാർത്ഥമായി മാറ്റുന്നതുപോലെയാണ്. ദൈവത്തെ വെച്ചുപൂജിക്കുന്നു എന്ന പ്രയോഗം തന്നെ ദൈവവിശ്വാസ ത്തിനെതിരാണ്. കാരണം, സർവചരാചരങ്ങളെയും സൃഷ്ടിച്ചവനാണ് ദൈവം എന്ന വിശ്വാസമാണ് യഥാർത്ഥ ദൈവവിശ്വാസം.

ദൈവത്തെ മനുഷ്യൻ തൻ്റെ സങ്കല്പത്താൽ സൃഷ്ടിച്ചതാണെന്നതാണ് നിരീശ്വരവാദം. ഒന്നോ രണ്ടോ മൂന്നോ ദൈവങ്ങളെയോ അല്ലെങ്കിൽ, അനേകം ദൈവങ്ങളെയോ വെച്ചു പൂജിക്കുന്നതെന്നു പറയുന്നതും നിരീശ്വരവാദവും ഒരേ നാണയത്തിന്റെ രണ്ടു വശങ്ങൾ മാത്രം.

ദൈവത്തെ രണ്ടായോ മൂന്നായോ അല്ലെങ്കിൽ അനേകം ദൈവങ്ങളായോ സങ്കല്പിക്കുന്നവരെ അല്പം ശ്രദ്ധയോടെ നിരീക്ഷിക്കുക. തങ്ങൾ ആരാധിക്കുന്ന ഓരോ ദൈവത്തിനും മഹത്തായ ശക്തിയും കഴിവുമുണ്ടെന്നു സ്ഥാപിക്കുന്നതിനായി പലവിധ കഥകളും അവർ മെനഞ്ഞെടുക്കുന്നു. മാത്രമല്ല, ദൈവങ്ങൾ തമ്മിൽ തങ്ങളുടെ ശക്തി തെളിയിക്കുന്നതിനായി മത്സരവും നടക്കുന്നു. ഒരു ദൈവം മറ്റൊരു ദൈവത്തെക്കാൾ ശക്തനാണെന്നു തെളിയിക്കുന്നതിനായി പല അത്ഭുതകഥകളും അതിൻ്റെ ആരാധകർ കെട്ടിയുണ്ടാക്കുന്നു.

ചില പുരാണങ്ങളിൽ രണ്ടു ദൈവങ്ങൾ തമ്മിൽ മത്സരിക്കുകയും യുദ്ധക്കളത്തിൽ യുദ്ധം ചെയ്യുന്നതുമായ കെട്ടുകഥകളുണ്ട്. ഒരു ദൈവം ജയിക്കുന്നതായും മറ്റൊരു

ദൈവം പരാജിതനാകുന്നതുമായാണ് കഥ അവസാനിക്കുക. പരാജയമടയുന്ന ദൈവത്തിന്റെ അനുയായികൾ ഈ കഥ കെട്ടുകഥയായി തള്ളിക്കളയുന്ന അവസ്ഥ സംജാതമാകുന്നു. ഇപ്രകാരം ദൈവങ്ങളെ പരസ്പരം ഉയർത്തിയും താഴ്ത്തിയുമുള്ള ധാരാളം കെട്ടുകഥകൾ പ്രചരിപ്പിക്കുന്നു. അതിൻഫലമായി ആ ദൈവങ്ങളുടെ ആരാധകർ തമ്മിലും മത്സരവും ശണ്ഠയും കൊലപാതകങ്ങൾപോലും നടക്കുന്നതായും ചരിത്രം നമുക്കു പഠിപ്പിച്ചു തരുന്നു.

ഇന്ത്യാ മഹാരാജ്യത്ത്, പ്രത്യേകിച്ചു തമിഴ്നാട്ടിൽ, ശൈവ-വൈഷ്ണവ കലഹം ധാരാളമായി നടന്നതായി ചരിത്രത്തിൽ കാണാം. വൈഷ്ണവനായ രാമാനുജത്തിൻ്റെ ശിഷ്യന്മാർ കൂരത്താഴ്വാൻ എന്ന ശിവ ഭക്തന്റെ കണ്ണ് ചൂഴ്ന്നെടുത്തുവത്രെ!

വൈഷ്ണവ-ശൈവ യുദ്ധത്തിൽ അപ്പർ എന്ന തിരുനാവുക്കരശർ വൈഷ്ണവത്തിൽനിന്നു ശൈവ മതത്തിലേക്കു മാറിയ കാരണത്താൽ അദ്ദേഹത്തെ വൈഷ്ണവർ കല്ലിൽ ചേർത്തു കെട്ടി കടലിൽ എറിഞ്ഞതായി ശൈവ ചരിത്രത്തിൽ വിവരിക്കുന്നു. അതേ ജ്ഞാന സമ്പന്നരുടെ കാലഘട്ടത്തിൽ എണ്ണായിരം വൈഷ് ണവരെ കഴുവിലേറ്റി കൊലപ്പെടുത്തിയതായുള്ള ചരിത്രവുമുണ്ട്.

ഇതെല്ലാം വായിക്കുന്ന സാധാരണ ജനങ്ങളിൽ ചിന്തിക്കുന്നവർ മറ്റൊരു വിപരീത തീരുമാനത്തിൽ എത്തിച്ചേരുന്നു. ഇങ്ങനെയുള്ള ദൈവം വേണ്ട, ദൈവങ്ങളെ സൃഷ്ടിക്കുന്ന മതവും വേണ്ട, എന്ന നിരീശ്വരവാദത്തിലെത്തിച്ചേരുന്നു.

ഒരേ മതത്തിൽ പല ദൈവങ്ങളെ അംഗീകരിച്ചു വിശ്വസിക്കുന്നവർ തങ്ങളുടെ ദൈവങ്ങൾക്കു മാഹാത്മ്യം കല്പിക്കുന്നതിനായി അവർക്കു പ്രേമം, വിവാഹം സന്താനപിറവി മുതലായ കെട്ടുകഥകളെല്ലാം പ്രചരിപ്പിക്കുന്നു. അതിന്റെയെല്ലാം അനന്തരഫലങ്ങൾ എന്തൊക്കെയാണ്?

ദൈവത്തെ മാനുഷികമായ അഭിലാഷങ്ങളും വികാരങ്ങളും ദൗർബല്യങ്ങളുമുള്ള ഒരു മനുഷ്യൻ്റെ നിലവാരത്തിലേക്കു താഴ്ത്തുന്നു.

സമുദായ ദ്രോഹികളായ മറ്റു ചില ക്ഷുദ്രമനുഷ്യർ ദൈവത്തെ കാമവെറി പിടിച്ചവനായി ചിത്രീകരിക്കുകയും കാമലീലകൾ നടത്തുന്നതായി കഥകൾ സൃഷ്ടിക്കുകയും ഇതെല്ലാം ദൈവത്തിന്റെ ലീലാവിനോദങ്ങളായി ന്യായീകരിക്കുകയും ചെയ്യുന്നു.

ഇതിന്റെയെല്ലാം അനന്തരഫലങ്ങൾ എന്തൊക്കെയാണെന്നു പരിശോധിക്കാം.

ശരാശരി ഒരു മനുഷ്യൻ്റെ അന്തസ്സിനെക്കാൾ താഴ്ന്ന നിലവാരത്തിൽ ദൈവത്തെ മനുഷ്യൻ കാണുന്നു. ഈ കാമലീലകളും പ്രണയ കഥകളും പഠിക്കുന്ന മനുഷ്യർ ദൈവം ഇങ്ങനെയുള്ളവനോ എന്നു ചിന്തിച്ചു നീചനായ മനുഷ്യനെക്കാൾ താഴ്ന്ന നിലവാരത്തി ലുള്ള ദൈവം തന്നെ വേണ്ട എന്ന തീരുമാനത്തിലെത്തിച്ചേർന്നു നിരീശ്വരവാദിയായി മാറുന്നു.

ഏകദൈവവിശ്വാസികളുടെ സമുദായത്തിൽ നിന്ന് നിരീശ്വര വാദികൾ അധികമായി ഉത്ഭവിക്കുന്നില്ല.
ബഹുദൈവാരാധകരിൽ നിന്നാണ് നിരീശ്വരവാദികൾ ഉത്ഭവിക്കുന്നത്, ഇപ്പോഴും ഉത്ഭവിച്ചുകൊണ്ടിരിക്കുന്നു.
ഭാവിയിലും ഉത്ഭവിക്കും.

ചുരുക്കത്തിൽ ബഹുദൈവവിശ്വാസമാണ് നിരീശ്വര വാദികളുടെ ഉത്ഭവത്തിന് കാരണമായ നീരുറവ എന്നത് നാം മനസ്സിലാക്കാത്ത ഒരു സത്യമാണ്.

ഏകദൈവ വിശ്വാസത്തിലധിഷ്ഠിതമായ ഇസ്ലാം, ദൈവം എത്രമാത്രം ഉന്നതനും പരിശുദ്ധനുമാണെന്നു വിവരിക്കുന്നതു നോക്കുക.

“സർവ്വലോകത്തിൻ്റെയും നാഥനായ അല്ലാഹു അളവറ്റ ദയാപരനും കരുണാവാരിധിയുമായവനാണ്.” (വി.ഖു. 1: 2)

“അവനു പങ്കാളികളാരുമേ ഇല്ല." (വി.ഖു. 6: 163) “അവൻ (ആർക്കും) ജന്മം നൽകിയിട്ടില്ല. (ആരുടെയും) സന്ത തിയായി ജനിച്ചിട്ടുമില്ല." (വി.ഖു. 112: 3)

"ഭൂമിയിലുള്ള സർവ്വതും നിങ്ങൾക്കു വേണ്ടി സൃഷ്ടിച്ചത് അവനാകുന്നു ." (... 2: 29)

“സർവലോകത്തിൻ്റെയും രക്ഷിതാവായ അല്ലാഹുവിനു മാത്രമാകുന്നു സർവസ്തുതിയും." (വി.ഖു. 1: 1)

..... അവനെന്നെന്നും നിലനിൽക്കുന്നവനാണ്." (വി.ഖു. 2: 255)

“പ്രതിഫലദിവസത്തിന്നധിപതിയായവൻ.” (വി.ഖു. 1: 3)

“അല്ലാഹു സകല കാര്യങ്ങൾക്കും കഴിവുള്ളവനാണ്....." (വി.ഖു. 2.284)
..... അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാ ." (... 2: 227)

.....അല്ലാഹു ഒരിക്കലും ശ്ലേച്ഛതകൾ കല്പിക്കുന്നില്ല.” (വി.ഖു. 7:28)

".....അല്ലാഹു നിങ്ങൾക്ക് എളുപ്പമാണിച്ചിക്കുന്നത്. ഞെരുക്കം ഇച്ഛിക്കുന്നില്ല. " (... 2:185)

"അല്ലാഹു സമാധാനത്തിലേക്കു ക്ഷണിക്കുന്നു." (10:25)

ഇപ്രകാരമുള്ള ഉൽകൃഷ്ടമായ ഗുണവിശേഷണങ്ങളിൽ ദൈവത്തെ ഇസ്ലാം വർണിക്കുന്നു. ഈ വചനങ്ങൾ നിരീക്ഷിക്കുമ്പോൾ നാമറിയാതെ നമ്മുടെ ഹൃദയം നിർമലമാവുകയും നമുക്കു ദൈവത്തോടു പ്രത്യേക ഭക്തിയുണ്ടാവുകയും ഭയവും ഭക്തിയും കലർന്ന പ്രത്യേക വിധേയത്വം ഉടലെടുക്കുകയും ചെയ്യുന്നു.

ഉന്നതനായ ദൈവം, ഉത്തമരായ ദൈവവിശ്വാസികൾ ഇങ്ങനെ രണ്ട് ഉയർന്ന അന്തസ്സ് ഉത്ഭുതമാകുന്നു. ആരാധകനും ആരാധ്യനും പരിശുദ്ധിയും ഉയർന്ന അന്തസ്സും ലഭ്യമാകുന്നത് ഏകദൈവത്തെ ആരാധിക്കുന്നതു മൂലമാകുന്നു.

ചുരുക്കത്തിൽ, ഒരു ദൈവമെന്നതാണ് പൂർണമായും സത്യമായത്. അതുകൊണ്ടാണ് നാം ഒരു ദൈവം മാത്രമേയുള്ളൂ എന്നു തറപ്പിച്ചു പറയുന്നത്.

ആകാശത്ത് എത്ര സൂര്യനുണ്ട് എന്ന് ആരെങ്കിലും ചോദിച്ചാൽ എന്ത് ഉത്തരം നല്കും. ഒരേ ഒരു സൂര്യനേയുള്ളൂ എന്നല്ലേ നിൽങ്ങൾ ഉത്തരം പറയുക. കാരണം, ആകാശത്ത് ഒരു സൂര്യൻ മാത്രമേയുള്ളൂ എന്നതാണു സത്യം. എന്താണ് രണ്ടു സൂര്യനില്ലാത്തത് എന്നു ചോദിച്ചാൽ രണ്ടു സൂര്യനില്ല, ഒന്നേയുള്ളൂ എന്നു തന്നെ ഉത്തരം പറയും. ഇതേപോലെ യഥാർത്ഥത്തിൽ ദൈവമൊന്നേയുള്ളൂ എന്ന കാരണത്താൽ, ഞാൻ ഏക ദൈവത്തിൽ വിശ്വസിക്കുന്നു. അതു തന്നെ സധൈര്യം വിളിച്ചുപറയുന്നു. ഒന്നിലേറെ ദൈവങ്ങളെ സ്വീകരിക്കുന്ന പ്രശ്നമേ ഉദിക്കുന്നില്ല.

3. ബഹുദൈവ വിശ്വാസികളുടെ വേദം

ചോദ്യം: പല ദൈവങ്ങളുണ്ടെന്നു സങ്കല്പിച്ച് ആരാധിക്കുന്നവർക്കു വേദങ്ങളുടെ പിൻബലമൊന്നുമില്ലെന്നു പറയുന്നുവല്ലോ, എന്നാൽ, അവർ തങ്ങളുടെ വേദമെന്നു പറയപ്പെട്ട ചില ഗ്രന്ഥങ്ങൾ കാണിക്കുന്നുണ്ടല്ലോ?

ഉത്തരം: അവർ തങ്ങളുടെ വേദമെന്നു പറഞ്ഞു കാണിക്കുന്നതെല്ലാം വേദം അഥവാ ദൈവികവചനം എന്ന കാഴ്ചപ്പാടിനു വിരുദ്ധമാണ്. വേദം എന്നതിനു ദൈവത്താൽ അരുളപ്പെട്ട വചനങ്ങളുടെ സമാഹാരം എന്നാണ് അർത്ഥം. എന്നാൽ, ബൈബിൾ എന്ന പുസ്തകത്തിൽ ആദ്യഭാഗങ്ങളിൽ ദൈവദൂതന്മാരുടെ ചരിത്രമാണ് മുഖ്യമായും പരാമർശിക്കുന്നത്. ഇടക്കിടക്ക് ചില ദൈവവചനങ്ങളും കാണാം. അവസാനഭാഗങ്ങളിൽ യേശു അഥവാ ഈസാ നബിയടെ ജീവിതകാലത്തെ ചില സംഭവങ്ങളും അദ്ദേഹം നല്കിയ ചില സാരോപദേശങ്ങളും വിവരിച്ചിരിക്കുന്നു.

ഹിന്ദുമതത്തിലെ നാലു വേദങ്ങളും ദൈവത്തെ പറ്റി ഋഷിമാർ പാടിയ സ്തുതി ഗീതങ്ങൾ ആണെന്നു പറയുന്നു. ഭഗവത് ഗീതയും മനുഷ്യനായി പിറന്ന ശ്രീകൃഷ്ണൻ അർജ്ജുനനു നല്കിയ തത്വോപദേശങ്ങളും സാരോപദേശങ്ങളുമാണെന്നു കാണാം.

എന്നാൽ, മനുഷ്യരൂപം പ്രാപിച്ചു ഭൂമിയിൽ വരാത്ത ദൈവം തന്നുടെ സ്വന്തം വചനങ്ങളാൽ ഇറക്കിയ വേദമാണ് പരിശുദ്ധ ഖുർആൻ. ഈ ദൈവിക വേദത്തിൽ ഒരു ദൈവമേയുള്ളൂ. ഒന്നിലധികം ദൈവങ്ങളില്ലെന്നു വ്യക്തമായും സംശയാതീതമായും യുക്തിയുടെ അടിസ്ഥാനത്തിൽ തെളിയിക്കപ്പെട്ടിരിക്കുന്നു.

മുഖ്യമായ ഈ വിഷയത്തെ സഗൗരവം ചിന്തിക്കേണ്ടതാണ്. ബഹുദൈവവിശ്വാസികളുടെ വേദഗ്രന്ഥങ്ങളിലും ഏകദൈവവിശ്വാസത്തെ നിഷേധിക്കുന്നുമില്ല. നിഷേധിച്ചുള്ള ചർച്ചക്കു മുതിരുന്നുമില്ല.

ബഹുദൈവവിശ്വാസികളെ ഈ വിഷയം സബന്ധിച്ച ചർച്ചക്കു ക്ഷണിച്ചുനോക്കുക. അവർ ഒരിക്കലും വരില്ല. അഥവാ വന്നാലും അവർ വാദത്തിൽ പരാജിതരാവും. കാരണം, ഒന്നിലധികം ദൈവങ്ങൾ എന്നത് സത്യവിരുദ്ധവും ഊഹാപോഹങ്ങളുമാണ്. അതൊരിക്കലും സത്യത്തിനു മുമ്പിൽ വിജയിക്കുകയില്ല. അസത്യം സത്യത്തിനു മുമ്പിൽ നീണ്ടകാലം നിലനിൽക്കുക സാധ്യമല്ല. ഇസ്ലാമിക ചരിത്രം ഏകദൈവവിശ്വാസത്തിനും ബഹുദൈവവിശ്വാസത്തിനും മധ്യേ നടന്ന വിവാദങ്ങളും ധർമ്മ സമരങ്ങളുമാണ്.

4. ഇസ്ലാം ഏറ്റവും പുരാതന മതം

ചോദ്യം: ഇസ്ലാം ആദ്യത്തെ മതമാണ് എന്നത് പുതിയ അറിവാണല്ലോ. അതേപ്പറ്റി താങ്കൾ ചില വിശദീകരണങ്ങൾ തന്നാൽ കൊള്ളാം.

ഉത്തരം: അറേബ്യൻ ഉപഭൂഖണ്ഡത്തിൽ മുഹമ്മദ് നബി ഒരു പുതിയ ദൈവത്തെയും പുതിയ മതത്തെയും ഏർപ്പെടുത്തി എന്നു കരുതുന്നതു തികച്ചും സത്യവിരുദ്ധമാണ്. അല്ലാഹു എന്ന ഒരേ ഒരു ദൈവത്തെ ആരാധിക്കുവാനായി ഭൂമിയിൽ ആദ്യമായി പണിത പുണ്യഗൃഹമായ കഅ്ബ സ്ഥിതിചെയ്യുന്ന സ്ഥലമാണ് മക്ക. ആ അറേബ്യൻ ജനതയുടെ പേരുകളിൽ അബ്ദുല്ലാഹ് (അല്ലാഹുവിന്റെ അടിമ) എന്ന പേരും ഉണ്ടായിരുന്നു. നബിയുടെ പിതാവിന്റെ പേരും അബ്ദുല്ലാഹ് എന്നായിരുന്നു.

എന്നാൽ, അല്ലാഹു എന്ന ഏകദൈവത്തിനു പങ്കാളികളായി മറ്റനേകം ദൈവങ്ങളെയും അവർ വെച്ചാരാധിച്ചു. ആ ജനം യാതൊരുവിധ വിഗ്രഹങ്ങളോ ഛായാചിത്രങ്ങളോ ഇല്ലാതിരുന്ന മക്കയിലെ ആ പുണ്യ ഗൃഹത്തിൽ അല്ലാഹുവിന്റെ പങ്കാളികളെന്നും മിത്രങ്ങളെന്നും മറ്റും പറഞ്ഞ് പല വിഗ്രഹങ്ങളും ഛായാചിത്രങ്ങളും പിൽക്കാലങ്ങളിൽ സ്ഥാപിച്ചു. ആ ബഹുവിധ വിഗ്രഹാരാധനയെ ഇല്ലാതാക്കാനാണ് നബി അല്ലാഹുവിന്റെ അനുമതിയോടെ അതിനെതിരേ പോരാട്ടം നടത്തിയത്. ഏക ദൈവത്തെ മാത്രമേ ആരാധിക്കാവൂ എന്നുപദേശിച്ചും ബഹുദൈവാരാധനകളുടെ ഭവിഷ്യത്തുക്കളെപ്പറ്റി താക്കീത് ചെയ്തും പരലോകത്ത് അവർക്കായി കാത്തിരിക്കുന്ന ശിക്ഷകൾ വിവരിച്ചുകൊടുത്തും ആ ജനത്തെ ഏകദൈവാരാധനയിലേക്കു കൊണ്ടുവരാൻ അദ്ദേഹം പാടുപെട്ടു.

5. വിഗ്രഹങ്ങളെയും ഛായാചിത്രങ്ങളെയും ആരാധിക്കാമോ?

ചോദ്യം: ഒരു ചർച്ചക്കാകെ ചിലർ ചോദിക്കുന്നു. ഒരാൾ ഏക ദൈവത്തെ അംഗീകരിക്കുന്നു. എന്നാൽ ആ ദൈവത്തെ പടമായോ പ്രതിരൂപമായോ വെച്ചാരാധിക്കാമോ?

ഉത്തരം: അപ്രകാരം ചെയ്യുന്നതിനു മുൻപ് നമ്മുടെ ചില ചോദ്യങ്ങൾക്കു മറുപടി തരേണ്ടതുണ്ട്.

1. പ്രതിരൂപമായോ ചിത്രമായോ ആരാധിക്കുന്നവർ ആ ദൈവത്തെ നേരിൽ കണ്ടിട്ടുണ്ടോ?

2. ആരാധിക്കുന്നവർ പോകട്ടെ, ആ പടമോ പ്രതിരൂപമോ നിർമ്മിച്ചവരെങ്കിലും ദൈവത്തെ നേരിൽ കണ്ടിട്ടുണ്ടോ?

നേരിൽ കാണാത്ത ഒന്നിനെ പടമായോ പ്രതിരൂപമായോ നിർമ്മിച്ചാൽ അതു വെറും സാങ്കല്പികമായിരിക്കും. ദൈവത്തെ നേരിൽ കാണാത്തവർ അവനെ പടമായോ പ്രതിരൂപമായോ നിർമ്മിച്ചുവെക്കുന്നത് തികച്ചും വ്യാജമാണ്.

ഇസ്ലാം മത തത്വപ്രകാരം ദൈവത്തെ ആർക്കും നേരിൽ കാണുക സാധ്യമല്ല. ഇതുവരെ ആരും നേരിൽ കണ്ടിട്ടുമില്ല.

നാം കണ്ടിട്ടില്ലാത്ത, കാണുക സാധ്യമല്ലാത്ത ദൈവത്തെ നമ്മുടെ സങ്കല്പ പ്രകാരം ചിത്രമായോ പ്രതിരൂപമായോ നിർമ്മിക്കുന്നതു കാപട്യം മാത്രമല്ല കടുത്ത പാപവുമാണെന്നും ഇസ്ലാം വിധിക്കുന്നു. കൊലപാതകം, കളവ് മുതലായ മഹാപാപങ്ങളെക്കാൾ കടുത്ത കുറ്റമാണെന്നു മാത്രമല്ല, മാപ്പർഹിക്കാത്ത കുറ്റമായും ഇസ്ലാം വ്യക്തമാക്കുന്നു. ദൈവത്തെ മനുഷ്യൻ തൻ്റെ സ്വതന്ത്ര സങ്കല്പത്തിൽ നിർമ്മിച്ചതാണെന്ന നിരീശ്വരവാദികളുടെ വാദത്തെ ശരിവെക്കുന്നതാണ് ഈ ഛായാചിത്രങ്ങളും പ്രതിരൂപങ്ങളും. അതിനാൽ നിരീശ്വരവാദം എങ്ങനെ മാപ്പർഹിക്കാത്ത കുറ്റമാണോ അതേപോലെ മാപ്പർഹിക്കാത്ത കുറ്റമാണ് ദൈവത്ത

ഛായാചിത്രമായും വിഗ്രഹങ്ങളായും രൂപപ്പെടുത്തി ആരാധിക്കുന്നതും.

കല്ലും കല്ലു വെട്ടിയെടുത്ത പാറയും പാറ നിലനിന്ന മലയും മലകളെ വഹിക്കുന്ന ഭൂമിയും ഭൂമി ഉൾക്കൊള്ളുന്ന സൗരയൂഥവും സൗരയൂഥം പോലെ പല ഗോളസമൂഹങ്ങൾ ഉൾക്കൊള്ളുന്ന ബ്രഹ്മാണ്ഡവും സൃഷ്ടിച്ച് എല്ലാത്തിനെയും ഒരു നിയന്ത്രണ പരിധിക്കുള്ളിൽ അടക്കിവെച്ചിരിക്കുന്ന ഒരു മഹാശക്തിയെ സാധാരണ ഒരു ചിത്രത്തിനോ വിഗ്രഹത്തിനോ സമമാക്കുന്നത് എത്രമാത്രം അ ന്യായമാണെന്നു ചിന്തിച്ചുനോക്കുക.

അതിനാൽ, ദൈവത്തിനു സമം കല്പിക്കുന്ന ഈ ശുദ്ധ അബദ്ധം മഹാപാപവും ഒരിക്കലും പൊറുക്കാത്ത കുറ്റവുമാണെന്നു പറയുന്നത് തികച്ചും ന്യായമാണ്.

പരിശുദ്ധ ഖുർആൻ പറയുന്നു: "ബഹുദൈവാരാധനയെ അല്ലാഹു അശേഷം പൊറുക്കുകയില്ല. അതല്ലാത്ത എത്രതന്നെ പാപങ്ങളും താനിച്ഛിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കും. അല്ലാഹുവിനു പങ്കാളികളെ കല്പിക്കുന്നവനാരോ അവൻ വമ്പിച്ച വ്യാജവും ഭയങ്കരമായ കുറ്റവും ചമച്ചിരിക്കുന്നു." (4: 48)

"ബഹുദൈവാരാധന അല്ലാഹു പൊറുക്കുകയില്ല. അതൊഴികെയുള്ളത് അവനുദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കും. ആര് അല്ലാഹുവിന് പങ്കുകാരെ കല്പിച്ചുവോ അവൻ ബഹുദൂരം വ്യതിചലിച്ചു." (4: 116) എന്തുകൊണ്ടാണിത് ക്ഷമിക്കാത്ത കുറ്റമെന്നു പറയുന്നത്? ദൈവരൂപങ്ങളും ചിത്രങ്ങളും എങ്ങനെയൊക്കെയാണ് ഇവർ നിർമ്മിക്കുന്നത്?

ചിലർ മനുഷ്യരൂപത്തിൽ കൈ, കാൽ, മുഖം മുതലായവ ചിത്രീകരിച്ച് നാലും ഏഴും പതിനാറും കൈകളുള്ളവരായും മൂന്നും പത്തും തലകളുള്ളവരായും അവരുടെ ദൈവങ്ങളെ രൂപപ്പെടുത്തുന്നു. ഇപ്രകാരം അവരുടെ സങ്കൽപത്തിൽ ദൈവത്തെ മഹിമപ്പെടുത്തിക്കാണിക്കാനായി ഈ വികൃത

രൂപങ്ങൾ സൃഷ്ടിക്കുന്നു. അതു പോലെ ഇന്ത്യയിലുള്ള ചില ദൈവങ്ങളുടെ കൈയിൽ ചില ആയുധങ്ങളും കൊടുത്തിരിക്കുന്നു. സർവ്വശക്തനായ ദൈവത്തിന് എന്തിനാണ് ആയുധം? സ്വയം രക്ഷക്കോ, മറ്റുള്ളവരെ നശിപ്പിക്കാനോ? താനുദ്ദേശിക്കുന്നത് ഉദ്ദേശിക്കുന്ന നിമിഷംതന്നെ നിറവേറ്റാൻ ശക്തിയുള്ള സർവശക്തനായ ദൈവത്തിന് ആയുധം നല്കുന്നത് അവനെ ബലഹീനനായും അശക്തനായുമല്ലേ കാണിക്കുന്നത്.

ചില സ്ത്രീദൈവങ്ങളെ ചിത്രമായും ശിലയായും നിർമ്മിക്കുമ്പോൾ അവയ്ക്ക് സ്ത്രൈണാവയവങ്ങൾ നല്കുന്നതും അവ നഗ്നമായി പ്രദർശിപ്പിക്കുന്നതും എത്ര വലിയ പാപമാണ്

ഇന്ത്യക്കാരനായ ഒരു ചിത്രകാരൻ രാജകുടുംബാംഗമായ തൻ്റെ പ്രേമസഖിയെ സ്ത്രീദൈവമായി ചിത്രീകരിച്ചതായി ചരിത്രം പറയുന്നു. ഒരു സാധാരണ മനുഷ്യൻ്റെ കാമുകിയെ ദൈവം എന്നു വിശ്വസിക്കുന്നതും ആരാധിക്കുന്നതും എത്ര വലിയ പാപമാണ്.

ദൈവത്തെ ഇപ്രകാരം അപമാനപ്പെടുത്തി, അലങ്കോലപ്പെടുത്തി പടമായും ശിലാപ്രതിമയായും നിർമ്മിച്ചു വെച്ച് ഇതുതന്നെയാണു ദൈവം എന്നു പറഞ്ഞാൽ സാക്ഷാൽ ദൈവത്തിനു കോപം വരാതിരിക്കുമോ?

ഒരു കലാകാരൻ നിങ്ങളെ നേരിൽ കാണാതെ നിങ്ങളുടെ ചിത്രമോ പ്രതിരൂപമോ സങ്കല്പത്തിൽ നിർമ്മിച്ച് ഇതുതന്നെയാണ്, നിങ്ങളെന്ന് ആരോടെങ്കിലും പറഞ്ഞാൽ നിങ്ങൾക്കു കോപം വരില്ലേ? ആ ചിത്രത്തിൽ അല്ലെങ്കിൽ പ്രതിരൂപത്തിൽ നിങ്ങൾക്കു മൂന്നു തല, നാലു കൈകൾ, എട്ടു കാലുകൾ ഇങ്ങനെയെല്ലാം ചിത്രീകരിച്ചുവെച്ചാൽ ആർക്കാണു കോപം വരാത്തത്?

കേവലം നശ്വരമനുഷ്യനായ നിങ്ങളുടെ വാസ്തവവിരുദ്ധമായ ചിത്രമോ പ്രതിരൂപമോ നിർമ്മിച്ചാൽ നിങ്ങൾക്കു കോപം

വരുമെങ്കിൽ അരൂപിയായ, ജനനവും മരണവുമില്ലാത്ത, ഇതുവരെ ആരും കണ്ടിട്ടില്ലാത്ത, കാണാൻ പറ്റാത്ത, അപാരമായ ശക്തിയും കഴിവുമുള്ള, മഹാപ്രപഞ്ചത്തെ സൃഷ്ടിച്ചു നിയന്ത്രിക്കുന്ന, സർവ്വശക്ത നായ ദൈവത്തെ സങ്കല്പരൂപത്തിൽ, അസത്യ രൂപത്തിൽ കല്ലിലോ കടലാസ്സിനോ ചിത്രീകരിച്ച് ഇതാണ് ദൈവം എന്നു പറയുന്നത് പൊറുക്കാൻ പറ്റാത്ത കുറ്റമല്ലേ?

6. മനസ്സിനെ ഏകാഗ്രമാക്കുന്നത് ശിലാരൂപമോ?

ചോദ്യം: വിഗ്രഹമായും ചിത്രമായും ദൈവത്തെ നിർമ്മിക്കുന്നത് ധ്യാനത്തിലും ആരാധനയിലും മനസ്സിനെ ഏകാഗ്രമാക്കുന്നതിനാണെന്ന് അവർ പറയുന്നുണ്ടല്ലോ?

ഉത്തരം: അത് തികച്ചും കളവാണെന്ന് മുസ്‌ലിംകൾ ആയിരക്കണക്കിനു വർഷങ്ങളായി ലോകത്തെല്ലാം തെളിയിച്ച കാര്യമാണ്. ഇപ്പോഴും തെളിയിച്ചുകൊണ്ടിരിക്കുന്നു. യാതൊരു പ്രതിരൂപമോ ചിത്രമോ കൂടാതെ ഈ ഭൂലോകം മുഴുവൻ 125 കോടി മുസ്‌ലിംകൾ ദൈവാരാധന നടത്തുന്നില്ലേ? ദൈവധ്യാനവും അവർ ചെയ്യുന്നില്ലേ? അതുകൊണ്ട് പ്രതിരൂപമോ ഛായാചിത്രമോ ഉണ്ടെങ്കിലേ ഏകാഗ്രത അനുഭവപ്പെടുകയുള്ളൂ എന്ന വാദം വ്യാജമാണ്.

നടുക്കടലിൽ ഒരു കപ്പൽ, ശക്തമായ കൊടുങ്കാറ്റടിക്കുന്നു. കപ്പൽ മുങ്ങി എല്ലാവരും മരിക്കുമെന്ന അവസ്ഥയുണ്ടാവുന്നു. കപ്പലിൽ ചിത്രങ്ങളോ വിഗ്രഹങ്ങളോ ഇല്ല. വിഗ്രഹാരാധകർ ആ സന്ദർഭത്തിൽ എന്തു ചെയ്യും? ചിത്രമോ പ്രതിരൂപമോ ഇല്ലാതെത്തന്നെ മനസ്സിനെ ഏകാഗ്രമാക്കി ദൈവത്തോടു പ്രാർത്ഥിക്കില്ലേ? സഹാ യമഭ്യർത്ഥിക്കില്ലേ?

പല നാടുകളുടെ ചരിത്രം പരിശോധിച്ചാലും പുരാണേതിഹാസങ്ങൾ പരിശോധിച്ചാലും മഹാത്മാക്കളായ പണ്ഡിതന്മാരും ഭക്തന്മാരും ചിത്രമോ വിഗ്രഹമോ ഇല്ലാതെത്തന്നെ ഏകാഗ്രചിത്തരായി ഏകാന്തതയിൽ ആരാധനയും ധ്യാനവും ചെയ്തതായി കാണാൻ കഴിയും. അതുകൊണ്ട് ചിത്രമോ വിഗ്രഹമോ ഉണ്ടെങ്കിലേ ഏകാഗ്രമനസ്സോടെ ദൈവാരാധന ചെയ്യാൻ സാധിക്കൂ എന്ന വാദം സത്യവിരുദ്ധമാണ്.

7. വിഗ്രഹങ്ങൾക്ക് ശക്തിയുണ്ടോ?

ചോദ്യം: ചില വിഗ്രഹങ്ങൾക്കു ശക്തിയുണ്ടെന്നു വിശ്വസിക്കുന്നുണ്ടല്ലോ?

ഉത്തരം: എന്നാൽ സത്യത്തിൽ അങ്ങനെയില്ല. അവർ പറയുന്ന ആ വിഗ്രഹങ്ങളെ കള്ളന്മാർ അമ്പലങ്ങളിൽ കടന്നു മോഷ്ടിച്ച് വിദേശങ്ങളിൽ കൊണ്ടുപോയി വിൽക്കുന്നതായ വാർത്തകൾ അവരുടെ പത്രങ്ങളിൽ തന്നെ പ്രസിദ്ധീകരിക്കുന്നുണ്ടല്ലോ?

ആ വിഗ്രങ്ങളുടെ നിസ്സഹായാവസ്ഥയെപ്പറ്റിയും കഴിവില്ലായ്മയെപ്പറ്റിയും ഇന്ത്യയിൽ ജീവിച്ചിരുന്ന ഹിന്ദുമത വിശ്വാസിയായിരു ന്ന തിരു ബ്രഹ്മാനന്ദ ശിവയോഗി (1852-1929) എന്ന മഹാൻ്റെ വിഗ്രാഹാരാധനാ ഖണ്ഡനം എന്ന ഗ്രന്ഥത്തിൽ പറയുന്നു:

ഒരു ഉറുമ്പോ കൊതുകോ ചെയ്യുന്ന പ്രതികാരവ്യത്തി പോലും ചെയ്യാനുള്ള ശക്തി ശിലാവിഗ്രഹങ്ങൾക്കില്ല. ഈ വിഗ്രഹങ്ങളെ കുംഭാഭിഷേകം നടത്തി ദിവ്യശക്തിയാവാഹിച്ചു പ്രതിഷ്ഠ നടത്തിയ പുരോഹിതർ അതിൽ ആവാഹിച്ചെടുത്ത ശക്തിയെവിടെ?

ഈ വിഗ്രഹങ്ങൾക്ക് യഥാർത്ഥത്തിൽ എന്തെങ്കിലും ദിവ്യശക്തിയുണ്ടായിരുന്നെങ്കിൽ ഇവയെ മോഷ്ടിക്കാൻ തസ്കര സംഘം അമ്പലത്തിൽ പ്രവേശിക്കും മുമ്പേ ഈ വിവരം കാവൽക്കാർക്കോ പോലീസിനോ ഊരാളികൾക്കോ പൂജാരികൾക്കോ അമ്പലഭാരവാഹികൾക്കോ ഭക്തജനത്തിനോ മുന്നറിയിപ്പു നല്കുമായിരുന്നില്ലേ?

അപ്രകാരം മുന്നറിയിപ്പു കൊടുത്തില്ലെങ്കിലും കള്ളന്മാർ വിഗ്രഹങ്ങളുമായി ഓടുന്ന നേരത്ത് അവരെ നിശ്ചലരാക്കി വിഗ്രഹങ്ങൾ വഹിച്ചവണ്ണം നിലയിലേ നിർത്തിയിരിക്കാമായിരുന്നില്ലേ? കള്ളന്മാർ ഇപ്രകാരം നിശ്ചലരായി മോഷ്ടിച്ച വിഗ്രഹങ്ങളുമായി നിൽക്കുന്നത്

അടുത്ത പ്രഭാതത്തിൽ ജനം കണ്ടാൽ എത്ര ഭക്തിയി ല്ലാത്തരും ഭക്തന്മാരായി മാറുമായിരുന്നില്ലേ?

ആ മോഷ്ടാക്കൾ പോലും മനപ്പരിവർത്തനം വന്നു തിന്മയെ വെടിഞ്ഞു യഥാർത്ഥ ഭക്തന്മാരായി മാറുമായിരുന്നില്ലേ?

അതു മാത്രമല്ല, അവരുടെ ശക്തിമൂലം മോഷ്ടിക്കാൻ വരുന്ന വരുടെ മനസ്സിൽ മോഷണം പാപമാണ്, ഒരിക്കലും മോഷ്ടിക്കരുത് എന്ന സദ്വിചാരമുളവാക്കി ആ പാപകർമ്മത്തിൽ നിന്ന് അവരെ അകറ്റാമായിരുന്നില്ലേ?

പടയും പരിവാരങ്ങളുമായി വന്ന ചില രാജാക്കന്മാർ ഈ വിഗ്രങ്ങളെയെല്ലാം ഉടച്ച് ആ മന്ദിരങ്ങളിൽ നിന്നു പണവും മറ്റു വിലപിടിച്ച ദ്രവ്യങ്ങളും കൊള്ളയടിച്ചെടുത്തപ്പോൾ ഈ വിഗ്രഹങ്ങൾ നിശ്ശബ്ദരായത് എന്തുകൊണ്ട്?

ഈ വിഗ്രഹങ്ങൾക്ക് അല്പമെങ്കിലും ശക്തിയുണ്ടായിരുന്നെങ്കിൽ, ഈ സന്ദർഭങ്ങളിൽ അതിൻ്റെ ശക്തി അല്പമെങ്കിലും വെളിപ്പെടുത്താമായിരുന്നില്ലേ?

ഇത്രയും അശക്തമായ, സ്വയം പ്രതിരോധിക്കാൻ പോലും കഴിവില്ലാത്ത, നിർജ്ജീവമായ കൽവിഗ്രഹങ്ങളാണോ നമുക്കു സംരക്ഷണം തരുന്നത്. നമ്മുടെ രോഗങ്ങൾ ഭേദമാക്കുന്നത്, നമുക്ക് സന്താന ഭാഗ്യം നല്കുന്നത്, നമുക്കു സമ്പത്ത് വർധിപ്പിച്ചുതരുന്നത്? ചിന്തിച്ചുനോക്കുക. വിഗ്രാഹാരാധന ചെയ്തുകൊണ്ട് യാഗം, വ്രതം, ദാനം, തീർത്ഥാടനം മുതലായവ ചെയ്യുന്നവർ മൃഗങ്ങൾക്കു സമമെന്നു വസിഷ്ഠ മഹർഷി പറഞ്ഞിട്ടുണ്ട്. കാലം യജ്ഞാ തചോദാന തീർത്ഥ ദേവാർച്ചനാ പ്രമൈ ശ്രമാദി ശദോ ഭേദാ ക്ഷിബയന്തി മൃഗാ ഇവ. സിദ്ധന്മാരുടെ അജ്ഞാത മനസ്സിനൊരു വെളിച്ചമെന്ന അധ്യായത്തിലും വിഗ്രാഹാരധനയെ ശക്തിയായി ഖണ്ഡിച്ചിട്ടുണ്ട്. മേൽ പ്രസ്താവിച്ച പോലെ പല മഹാന്മാരും വിഗ്രഹാരാധനക്കെതിരായി പല അഭിപ്രായങ്ങളും പറഞ്ഞിട്ടുണ്ട്.

“ശിലാവിഗ്രഹങ്ങളെ എത്ര കാലം പൂജിച്ചാലും നീചരായ മനുഷ്യരേ നിങ്ങൾക്കു മോക്ഷം കിട്ടുമോ സാധാരണ കല്ലുടച്ചു നിങ്ങൾ വിഗ്രഹം നിർമ്മിക്കുന്നു.
അതേ കല്ല് പടിവാതിൽക്കലിട്ടു ചവിട്ടിമെതിക്കുന്നു പൂജിച്ച കല്ലിനു പുഷ്പാർച്ചനയും പാലഭിഷേകവും നടത്തുന്നു സ്രഷ്ടാവായ ദൈവത്തിന് ഈ രണ്ടു കല്ലുകളും ഒരുപോലെ കല്ലുകൾ ദൈവമാണെന്നു പറഞ്ഞ വ്യാജ ദിവ്യന്മാരുടെ ഉപദേശപ്രകാരം കല്ലുകളെ പൂജിച്ച് അതിനു സ്തുതികീർത്തനങ്ങൾ പാടുന്നു മൂഢന്മാർ.

മനുഷ്യനാലുണ്ടാക്കിവെക്കപ്പെട്ട കല്ലിൽ ദൈവമാണെന്നു കരുതി പൂഷ്പാർച്ചന നടത്തുന്നു.

കല്ലിനു പ്രദക്ഷിണം ചെയത് അപശബദ്ത്തിൽ മന്ത്രിക്കുന്ന മന്ത്രം എന്താണ്?

മനുഷ്യരൂപം നല്കിയാൽ കല്ലിനു സംസാരശേഷി വരുമോ? എല്ലാത്തിനെയും സൃഷ്ടിച്ച ദൈവമൊരുവനുള്ളപ്പോൾ ചട്ടിക്കും ചട്ടുകത്തിനും അതിലുള്ള കറിയുടെ രുചി അറിയാത്ത പോലെ കല്ലിനെ വണങ്ങുന്നവൻ ദൈവത്തിന്റെ മഹിമ മനസ്സിലാക്കുന്നില്ല."

തമിഴ് കവിതയുടെ ഗദ്യവിവർത്തനം).

(അതിനാൽ ഹിന്ദുമതത്തിലുണ്ടായിരുന്ന പൗരാണിക പണ്ഡിതന്മാരും ചിന്തകന്മാരും വിഗ്രഹാരാധനയെ എതിർത്തിരുന്നതായി ഇതിൽ നിന്നു മനസ്സിലാക്കാം.
ക്രൈസ്തവ ബൈബിളിലെ പഴയ നിയമത്തിൽ വിഗ്രഹാരാധനയെ എതിർക്കുന്ന ചരിത്രമുണ്ട്. അതിൽ ചില ദൂതന്മാർ വിഗ്രഹങ്ങളെ തല്ലിയുടച്ച ചരിത്രവുമുണ്ട്.
വിഗ്രഹങ്ങൾക്കു യാതൊരു വിധ ശക്തിയുമില്ലെന്നതിന് ആ വേദവും സാക്ഷിയാണ്.

8. പ്രകൃതി ശക്തികൾ ദൈവമാണോ?

ചോദ്യം: സൂര്യൻ, കാറ്റ്, അഗ്നി, ചന്ദ്രൻ, നക്ഷത്രങ്ങൾ മുതലായ പ്രകൃതിയിലെ അത്ഭുത സൃഷ്ടികൾ ചില സവിശേഷ ശക്തിയുള്ളവയെന്നു കരുതി അവയ്ക്ക് ആരാധന ചെയ്യുന്നുണ്ടല്ലോ. അതു ശരിയാണോ?

ഉത്തരം: അവയ്ക്കെല്ലാം ചില അത്ഭുതപ്രകൃതിയും ചില ശക്തിയുമുണ്ടെങ്കിലും അവയെല്ലാം നാശോന്മുഖമാണ്. അല്ലെങ്കിൽ നിയന്ത്രാണാധീനമാണ്. ഒരു നിയമത്തെ അനുസരിച്ചു മാത്രം ചരിക്കുന്ന പ്രകൃതമാണ് അവയ്ക്കുള്ളത്.

രാത്രിയിൽ സൂര്യനു യാതൊരു ആധിപത്യവുമില്ല. സൂര്യൻ തന്നെ ഒരിക്കൽ പൊട്ടിത്തെറിച്ച് ധൂളിയാകുമെന്നു വാനശാസ്ത്രജ്ഞന്മാർ പ്രവചിക്കുന്നു. അതുപോലെ ചന്ദ്രനും നക്ഷത്രങ്ങളുമെല്ലാം ഒരിക്കൽ നശിച്ചുപോകുമെന്നും ശാസ്ത്രകാരന്മാർ പറയുന്നു. കാറ്റും തീയുമൊക്കെ കുറച്ചൊക്കെ നിയന്ത്രിച്ചുനിർത്താൻ മനുഷ്യനു സാധിക്കും. കാറ്റും തീയുമില്ലാത്ത നേരവും സ്ഥലവുമുണ്ടല്ലോ. ഉദാഹരണമായി ശൂന്യാകാശം.

അതുകൊണ്ട് ഇവയെല്ലാം ചില ശക്തിയുള്ളവയെങ്കിലും നിയന്ത്രാണാധീനവും നാശോന്മുഖവുമായതിനാൽ ആരാധനക്കർഹനായ സർവശക്തനായ ദൈവത്തിൻ്റെ സ്ഥാനത്തിന് അർഹമാകുന്നില്ല. മനുഷ്യനെ അത്ഭുതപ്പെടുത്തുന്നവയെല്ലാം ദൈവമായി കരുതി ആരാധിക്കാനാരംഭിച്ചാൽ ലക്ഷക്കണക്കിനല്ല കോടിക്കണക്കിനു ദൈവങ്ങൾ ഉത്ഭവിക്കും. ഹിന്ദുമതത്തിൽ മുപ്പത്തിമുക്കോടി ദൈവങ്ങളുള്ളതായി പറയപ്പെടുന്നു. ഇത് അക്കത്തിൽ എഴുതിനോക്കുമ്പോഴേ അതിലെ അത്ഭുതം മനസ്സിലാവുകയുള്ളൂ!.

അരൂപിയായ ഈ പ്രകൃതി ശക്തികളെ അരൂപിയായി തന്നെ ആരാധിക്കുന്നുമില്ല. അവയ്ക്കെല്ലാം ഒരു സാങ്കൽപിക രൂപം കൊടുത്താണ് ആരാധിക്കുന്നത്. അങ്ങനെ ദൈവശിലകളുടെ

എണ്ണം വീണ്ടും കോടിക്കണക്കായി വർധിക്കുന്നു. ഓരോ വിഗ്രഹത്തെപ്പറ്റിയും ഓരോ കഥ സൃഷ്ടിച്ച് മനുഷ്യൻ്റെ മസ്തിഷ്കത്തിന് ഉൾ ക്കൊള്ളാൻ പറ്റാത്ത കഥകൾ നിർമ്മിതമാകുന്നു.

ഹിന്ദു പുരാണങ്ങളിൽ പ്രധാനികളായി കരുതപ്പെടുന്ന ദൈവങ്ങൾ മൂന്നുപേരാണ്. എന്നാൽ അവരുടെ ഭാര്യമാർ, സന്താനങ്ങ ൾ തുടങ്ങിയവരെയും ദൈവങ്ങളാക്കി. കൂടാതെ മൃഗങ്ങളെയും ചെറിയ ചെറിയ ക്ഷുദ്രജീവികളെയും പാമ്പുകൾ, പക്ഷികൾ, മരങ്ങൾ, നദികൾ മുതലായ കാണപ്പെടുന്ന എല്ലാ വസ്തുക്കളെയും ദൈവങ്ങളാക്കി മാറ്റി അവയ്ക്കെല്ലാം ശിലാരൂപങ്ങൾ നിർമ്മിച്ചു.

ഇപ്രകാരമുള്ള ബഹുദൈവാരാധന, ബിംബാരാധന മുതലായ അജ്ഞാനാന്ധകാരത്തെ നീക്കി ജ്ഞാനവെളിച്ചത്തെ പ്രകാശിപ്പിക്കുന്ന സുന്ദരമായ വചനങ്ങൾ പരിശുദ്ധ ഖുർആനിൽ ഉടനീളം കാണാൻ സാധിക്കും.

ഇബ്റാഹീം നബിയുടെ ചരിത്രം സംബന്ധിച്ചു ഖുർആൻ പറയുന്നു: “ഇബ്റാഹീം തൻ്റെ പിതാവ് ആസറിനോടു ചോദിച്ച സന്ദർഭം: ചില വിഗ്രഹങ്ങളെയാണോ താങ്കൾ ആരാധ്യരാക്കുന്നത്? എങ്കിൽ, താങ്കളെയും താങ്കളുടെ ജനതയെയും വ്യക്തമായ വഴികേടിലായി ഞാൻ കാണുന്നു. അപ്രകാരം, ആകാശഭൂമികളുടെ അധികാ രവ്യവസ്ഥ നാം ഇബ്റാഹീമിനു കാണിച്ചുകൊടുത്തു, അദ്ദേഹം ദൃഢ വിശ്വാസിയാകാൻ. അങ്ങനെ രാത്രിയുടെ ഇരുൾ അദ്ദേഹത്തെ ആവരണം ചെയ്തപ്പോൾ അദ്ദേഹം ഒരു താരകം കണ്ടു. അപ്പോൾ അദ്ദേഹം പറഞ്ഞു: ഇതെൻ്റെ ദൈവമാണ്. അതസ്തമിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: അസ്തമിക്കുന്നവയെ ഞാനിഷ്ടപ്പെടുന്നില്ല.

പിന്നീട് ചന്ദ്രനുദിച്ചുയർന്നു. അദ്ദേഹം പറഞ്ഞു: ഇതാണെൻ്റെ ദൈവം. അതും അസ്തമിച്ചപ്പോൾ പറഞ്ഞു: എൻ്റെ രക്ഷിതാവ് മാർഗദർശനം ചെയ്യുന്നില്ലെങ്കിൽ തീർച്ചയായും ഞാൻ വഴിതെറ്റിയവനാകും. പിന്നീട് സൂര്യനുദിച്ചുപൊങ്ങിയപ്പോൾ അദ്ദേഹം പറഞ്ഞു: ഇതാണെൻ്റെ ദൈവം, ഇതാണേറ്റവും

വലുത്. അതും അപ്രത്യക്ഷമായപ്പോൾ അദ്ദേഹം പറഞ്ഞു: എൻ്റെ സമുദായമേ, നിങ്ങൾ അല്ലാ ഹുവിൽ പങ്കു ചേർത്തതിൽനിന്ന് ഞാൻ മുക്തനാണ്.

ആകാശ-ഭൂമികളെ പടച്ചവനായ അല്ലാഹുവിലേക്ക് ഋജുമാനാസനായി ഞാനിതാ എൻറെ മുഖം തിരിച്ചിരിക്കുന്നു. ഞാൻ ബഹുദൈവവാദികളിൽ പെട്ടവനല്ല. " (6:74 -79)

അനേകം ദൈവങ്ങളെ ആരാധിക്കുന്നവരും പ്രകൃതിശക്തികളെ ആരാധിക്കുന്നവരും ഇവയെയെല്ലാം സൃഷ്ടിച്ച ഏകദൈവത്തെ ആരാധിക്കുന്നവരെക്കാൾ ഒരുവിധത്തിലും ഉൽകൃഷ്ടരല്ല. ബഹു ദൈവവിശ്വാസികൾ ഏകദൈവാരാധകരെക്കാൾ വിജയികളും മറ്റുള്ളവരുടെ അടിമത്തത്തിൽനിന്നു മുക്തരുമായാണോ കാണുന്നത്? ഈ നാട് മറ്റൊരു രാജ്യത്തിൻ്റെ അടിമത്തത്തിൽ കഴിഞ്ഞ ചരിത്ര മാണല്ലോ നമ്മുടെ മുമ്പിലുള്ളത് ഇത്രശക്തിയുള്ള അനേകം ദൈവങ്ങൾ ഇവരെ എന്തുകൊണ്ട് അന്യാധീനത്തിൽ നിന്നു രക്ഷിച്ചില്ല? സൂര്യൻ, അഗ്നി, വായു ഇതിനെയെല്ലാം ആരാധിക്കുന്ന ആരാധകർക്ക് ഇവ പ്രത്യേകമായ വെളിച്ചമോ ചൂടോ കുളിരോ നല്കു ന്നുണ്ടോ? പശു മുതലായ മൃഗങ്ങളെ ആരാധിക്കുന്നവർക്ക് അവ പ്രത്യേകമായി എന്തെങ്കിലും ആനുകൂല്യങ്ങളോ അനുഗ്രഹങ്ങളോ നല്കുന്നുണ്ടോ? ഇല്ല. ഇപ്രകാരം ഏകനായ ദൈവത്തിനു സമന്മാരെ കല്പിച്ച് ഒന്നിലധികം ദൈവങ്ങളെ ആരാധിക്കുന്നവർ ബലഹീനമായ, അശക്തമായ, നിസ്സാഹയമായ ഒന്നിൻ്റെ പിറകെ സഹായത്തിനും സംരക്ഷണത്തിനുമായി ഓടിയലയുന്നു. പരിശുദ്ധ ഖുർആൻ ഈ സത്യം ഒരുദാഹരണത്തിലൂടെ മനോഹരമായി വിവരിച്ചിരിക്കുന്നു.

“അല്ലാഹുവിന് പുറമെ വല്ല രക്ഷാധികാരികളെയും സ്വീകരിച്ചവരുടെ ഉപമ എട്ടുകാലിയുടേതുപോലെയാകുന്നു. അത് ഒരു വീടുണ്ടാക്കി, വീടുകളിൽവെച്ച് ഏറ്റവും ദുർബലമായത് എട്ടുകാലിയുടെ വീടുതന്നെ. അവർ കാര്യം മനസ്സിലാക്കിയിരുന്നുവെങ്കിൽ" (29: 41) ആയതിനാൽ പ്രാപഞ്ചിക ശക്തികളെ ദൈവങ്ങളായി സങ്കല്പിച്ച്

ആരാധിക്കുന്നത് ബുദ്ധിശൂന്യമാണ്. അവസാനം അവയെല്ലാം നശിച്ച് നിഷ്ഫലമായി പോകുന്ന വസ്തുക്കൾ തന്നെയാണ്.

9. നമ്മിൽ ദൈവമുണ്ടോ? അതോ നാം തന്നെ ദൈവമാണോ?

ചോദ്യം: നമ്മിൽ ദൈവം കുടിയിരിക്കുന്നു എന്നാരംഭിച്ച് അവസാനം നാമേ ദൈവം, (അഹംബ്രഹ്മാസ്മി) എന്നും ഓരോരുത്തരും ദൈവത്തിന്റെ അംശം ഉൾക്കൊണ്ടതാണെന്നും വാദിക്കുന്നുവല്ലോ. ഇതു ശരിയാണോ?

ഉത്തരം: അതു ശരിയല്ല. നാമോരോരുത്തരിലും ദൈവാംശം ഉൾക്കൊള്ളുന്നുവെന്ന വാദവും നാം തന്നെ ദൈവമെന്ന വാദവും വ്യത്യസ്തമാണ്.

നാമെല്ലാം ദൈവത്തിനു സ്വന്തം. ആ ദൈവത്തിൻ്റെ നിയതിക്കും നിയന്ത്രണത്തിനും വിധേയരായവരാണ് നാമോരോരുത്തരും എന്നതല്ലേ കുറച്ചുകൂടി യുക്തിസഹം. ദൈവം ആരംഭത്തിൽ ആദം നബിയെ സൃഷ്ടിച്ച് അവനിൽനിന്നുള്ള ആത്മാവിനെ ഊതി. അതേത്തുടർന്നു പരമ്പര പരമ്പരയായി മനുഷ്യർ ജന്മംകൊള്ളുന്നു എന്ന തത്വത്തിന്റെ അടിസ്ഥാനത്തിലുള്ള സങ്കല്പമാണ് ദൈവം മനുഷ്യനിൽ ഉൾക്കൊള്ളുന്നുവെന്നത്. എന്നാൽ, ഇതിലൊരു വലിയ വിപത്തൊളിഞ്ഞിരിപ്പുണ്ട്. നമ്മളിൽ ദൈവമുണ്ടെന്ന സങ്കല്പം കാലക്രമത്തിൽ അജ്ഞതകൊണ്ടും അഹങ്കാരംകൊണ്ടും നാമേ ദൈവം എന്ന തീരുമാനത്തിൽ കൊണ്ടു പോയിടും. പഴയ കാലത്തെ ചില രാജാക്കന്മാർ ഇപ്രകാരം സ്വയം പ്രഖ്യാപിച്ചതായി ചരിത്രം പറയുന്നു. ഈജിപ്തിലെ ഫറോവ ചക വർത്തിയും മധ്യേഷ്യയിലെ നിംറൂദ് രാജാവും ഇന്ത്യയിലെ ഹിരണ്യ കശിപുവും. ഇവരെല്ലാം സ്വയം ദൈവമായി പ്രഖ്യാപിച്ച ചിലരാണ്. എന്നാൽ ഇവരെല്ലാം മരണമടഞ്ഞപ്പോൾ 'ദൈവം മരിച്ചു' അല്ലെങ്കിൽ 'ദൈവം കൊല്ലപ്പെട്ടു' എന്നു പറഞ്ഞ ഒരു ദയനീയാവ സ്ഥ നേരിട്ടു. മരിക്കുന്നവരോ കൊല്ലപ്പടുന്നവരോ ദൈവമാണോ എന്ന ചോദ്യം ഇവിടെ ഉത്ഭവിക്കുന്നു. ഈ ചോദ്യം ചോദിക്കുമ്പോഴാണ് ഇവരുടെ ദൈവിക വാദം ചരമമടയുന്ന ദയനീയമായ കാഴ്ച കാണുന്നത്.

നമ്മിൽ ദൈവമുണ്ടെന്ന വാദവും യുക്തിസഹമല്ല. അപാരമായ ശക്തിയുള്ള ദൈവം ദുർബലനായ ഒരു മനുഷ്യനുള്ളിലോ? രോഗം, വാർധക്യം-ഇതൊന്നുമില്ലാത്ത ദൈവം രോഗഗ്രസ്തനായി കിടക്കയിൽ, കഷ്ടപ്പെടുന്ന വാർധക്യത്തിൽ, നിസ്സഹായനായി ജീവി ക്കുന്ന മനുഷ്യനുള്ളിലോ? മരണമില്ലാത്ത ദൈവം ഏതു സമയവും മരിക്കാവുന്ന മനുഷ്യനുള്ളിലോ?

നാമെല്ലാം ദൈവത്തിനു സ്വന്തം. അവൻ്റെ നിയതിക്കും നിയന്ത്രണത്തിനും വിധേയരായവർ എന്ന തത്വമാണ് ഏറ്റവും ശ്രേഷ്ഠമായത്.

അവനാണ് സൃഷ്ടിച്ചത്. അവനാണു രക്ഷകൻ. അവൻ തന്നെയാണ് നമ്മെ മരിപ്പിക്കുന്നതും. അവൻ തന്നെയാണ് വീണ്ടും ഉയിർ ത്തെഴുന്നേല്പിച്ചു ന്യായവിചാരണ നാളിൽ രക്ഷയോ ശിക്ഷയോ നല്കുന്നതുമെന്നുള്ള വിശ്വാസം അംഗീകരിച്ചവർക്ക് ദൈവം വേറെ, നാം വേറെ എന്ന സത്യം അംഗീകരിച്ചേ മതിയാവൂ. നമ്മിൽ ദൈവമുണ്ടെന്നു പറയുന്നവർക്കോ നാം തന്നെ ദൈവമെന്നു പറയുന്നവർക്കോ ദൈവത്തിൻ്റെ നിയന്ത്രണത്തിനോ വിധിക്കോ അതീതനായി നടക്കാൻ പറ്റില്ലതാനും.

ജനനം, വകതിരിവില്ലാത്ത ബാല്യം, അംഗങ്ങളുടെ വളർച്ചയും തളർച്ചയും, അവയവങ്ങളുടെ രൂപവും ക്രമീകരണവും, ലൈംഗികോത്തേജനത്തിൽ അധിഷ്ഠിതമായ സന്തോനോല്പാദനം, രോഗം, വാർധക്യം, മരണം എന്നീ നിയതിക്കും നിയന്ത്രണങ്ങൾക്കും അതീതരായി ആർക്കും ജീവിക്കാൻ സാധ്യമല്ല.

നിയമങ്ങൾക്കും നിയന്ത്രണങ്ങൾക്കും അടിമപ്പെട്ട മനുഷ്യൻ ദൈവത്തെ തന്നിൽ അടക്കിവെച്ചതായി ചിന്തിക്കാനേ പറ്റില്ല. താനേ ദൈവമെന്നു ഗർവുകൊള്ളുന്നത് അക്രമമാണ്.

ഇങ്ങനെയാണെങ്കിൽ ദൈവം മനുഷ്യനിൽ നിന്ന് എവിടെയോ അപ്രാപ്യമായ ദൂരത്തിൽ സ്ഥിതിചെയ്യുന്നു എന്നു കരുതാൻ

പറ്റുമോ അതിന് ഇസ്ലാം ലളിത സുന്ദരമായ ഭാഷയിൽ ഉത്തരം നല്കുന്നു.

"ഞാനവരുടെ അടുത്തുതന്നെയുണ്ട്. വിളിക്കുന്നവൻ എന്നെ വിളിച്ചാൽ ആ വിളികേട്ടു ഞാൻ ഉത്തരം നല്കുന്നു." (വി.ഖു.2: 186)
“നാം അവൻ്റെ കണ്ഠനാഡിയെക്കാൾ അവനോട് അടുത്തവനാകുന്നു ." (... 50: 16)

ഞാൻ തന്നെ ദൈവം അല്ലെങ്കിൽ എന്നിൽ ദൈവം എന്നു പറയുന്നതിനെക്കാൾ ദൈവം നമുക്കു സമീപസ്ഥനാണ് എന്നു പറയുന്നത് എത്രയോ യുക്തവും വ്യക്തവുമായ സത്യമാണ്.

10. അവതാരങ്ങൾ ദൈവമാണോ?

ചോദ്യം: ദൈവം മനുഷ്യരൂപത്തിൽ ഭൂമിയിൽ അവതരിച്ചു എന്നു പറയുന്നുവല്ലോ. ഈ അവതാര സങ്കലനത്തിന് എന്താണു മറുപടി?

ഉത്തരം: ദൈവം ഭൂമിയിൽ മനുഷ്യനായി അവതരിച്ച് ദുർജനത്തെ ഉന്മൂലനംചെയ്തു സജ്ജനത്തെ സംരക്ഷിച്ചു എന്നു പറയുന്ന തത്വം ദൈവിക ഗുണങ്ങൾക്കേ അപമാനമാണ്.

ദൈവം സർവശക്തനാണ്. അവനെവിടെയാണോ നിലകൊള്ളുന്നത് അവിടെയിരുന്ന് ദുർജനത്തെ മുഴുവൻ നശിപ്പിക്കുവാൻ കഴിവുള്ളവനാണ്. അല്ലെങ്കിൽ ഭൂമിയിലുള്ള ചിലർക്കു ദുർജനത്തെക്കാൾ അധികശക്തി പ്രദാനം ചെയ്ത് അവരെ നശിപ്പിക്കാനും സാധിക്കും. ഈ എളിയ മാർഗം ഉപേക്ഷിച്ച് അവനെന്തിന് ഭൂമിയിൽ അവതരിക്കണം!

ഭൂമിയിൽ വരുമ്പോൾ ഏതെങ്കിലും സ്ത്രീയുടെ വയറ്റിൽ ജനിക്കുന്നുവെന്നത് 'ജനന മരണമില്ലാത്തവൻ' എന്ന ഗുണവിശേഷ ണത്തിനു വിരോധമാകുന്നു.

മനുഷ്യനായി പിറക്കുമ്പോൾ ബാല്യം, യൗവ്വനം, ലൈംഗിക വികാരങ്ങൾ, സന്താനോല്പാദനം, കാമം, ക്രോധം, മോഹം ഇങ്ങനെ ദൈവികഗുണങ്ങൾക്ക് അപമാനകരമായ പല ഗുണങ്ങളും കെട്ടിച്ചമക്കേണ്ടിയിരിക്കുന്നു. ദൈവം ഇങ്ങനെയൊക്കെ ചെയ്യാമോ എന്നു നിരീശ്വരവാദികൾ മാത്രമല്ല, ദൈവവിശ്വാസികൾ പോലും ചോദിക്കുന്ന ഒരവസ്ഥ സംജാതമാകുന്നു.

ഹിന്ദു പുരാണത്തിൽ ദൈവാവതാരമായ ശ്രീരാമൻ മറഞ്ഞിരുന്നു ബാലിയെ കൊല്ലുന്നു. ദൈവം വഞ്ചന കാണിക്കുന്നു. ശ്രീകൃഷ്ണൻ ധർമ്മം കാത്തുരക്ഷിക്കാനായി അധർമ്മങ്ങൾ ചെയ്യുന്നു. സ്നേഹം ഉപദേശിച്ച യേശുക്രിസ്തു ദേവാലയത്തിൽ കടന്നു ചെന്നു ചാട്ടയടിക്കുന്നു.

ഈ പ്രവർത്തനങ്ങൾക്കെല്ലാം ആയിരക്കണക്കിനു കാരണങ്ങളും വിശദീകരണങ്ങളും നല്കിയാലും ദൈവം ഇങ്ങനെയൊക്കെ ചെയ്യുമോ എന്ന ചോദ്യം വീണ്ടും നിലനിൽക്കും.

ദൈവത്തിനു ജനനമോ മരണമോ ഇല്ല. മനുഷ്യരൂപത്തിൽ അവതാരമെടുക്കുന്നുമില്ല എന്ന സത്യം അംഗീകരിച്ചാൽ ഈ വിമർശനങ്ങളിൽ നിന്നെല്ലാം അതീതനായി ദൈവത്തിന് ഏറ്റവും ഉയർന്ന അന്തസ്സും സ്ഥാനവും ലഭിക്കുന്നതു കാണാം.

ഇസ്ലാം ഇതേ സത്യമാണ് മനുഷ്യമനസ്സിൽ ബോധിച്ചുകൊണ്ടിരിക്കുന്നത്. ദൈവം അവതാരമായി അവതരിക്കുന്നില്ല. തന്റെ ദൂതന്മാരെ മനുഷ്യരിൽനിന്നു തിരഞ്ഞെടുക്കുന്നു. അവർ നന്മ നിലനിർത്താനും തിന്മയെ ഉച്ചാടനം ചെയ്യാനും ജനത്തെ ഉപദേശിക്കുന്നു. ഈ ദൈവദൂതന്മാരുടെ ജീവിതത്തിൽ ഏതെങ്കിലും അംശം വിമർശന വിധേയമായാൽ അത് അവരിൽ മാത്രമൊതുങ്ങുന്നു. ഒരിക്കലും അത് ദൈവത്തിന്റെ ഉയർന്ന അന്തസ്സിനെ ബാധിക്കുന്നില്ല. ഇതെത്ര ലളിതമായ സിദ്ധാന്തം!

അതുകൊണ്ട് ദൈവം മനുഷ്യാവതാരമെടുത്തു ഭൂമിയിൽ വന്നു എന്നതും സത്യമല്ല, ദൈവത്തിന്റെ ഗുണത്തിനു യോജിച്ചതുമല്ല.

11. സ്ത്രീ ദൈവങ്ങളെ അംഗീകരിക്കാമോ?

ചോദ്യം: പുരുഷദൈവങ്ങളെ ആരാധിക്കുന്നവർ സ്ത്രീ ദൈവങ്ങളെയും ആരാധിക്കുന്നുണ്ടല്ലോ. ഇതു ശരിയാണോ?

ഉത്തരം: പുരുഷദൈവങ്ങളെക്കാൾ ശക്തിയുള്ളവരായി സ്ത്രീ ദൈവങ്ങളെ ചിലർ സൃഷ്ടിക്കുന്നു. മറ്റു ചിലർ പുരുഷ ദൈവങ്ങളുടെ സഹധർമിണിമാരും പെൺമക്കളായും സ്ത്രീ ദൈവങ്ങളെ സൃഷ്ടിക്കുന്നു. ഇതിൻ്റെയെല്ലാം ആപത്തും അനന്തരഫലങ്ങളും എന്തൊക്കെയാണെന്നു സൂക്ഷ്മമായി പരിശോധിക്കാം.

ധാരാളം സങ്കല്പകഥകളും ഉപകഥകളും രചിച്ച് ദൈവികഗുണവിശേഷങ്ങളെ വികലമാക്കുന്ന ഒരവസ്ഥ സംജാതമാകുന്നു. ഹിന്ദുമതത്തിൽ ചിലർ ഈ പ്രപഞ്ചത്തെയും സർവ ചരാചരങ്ങളെയും സൃഷ്ടിച്ചത് 'ആദി പരാശക്തി' എന്ന പെൺ ദൈവമാണെന്ന കഥ പ്രചരിപ്പിക്കുന്നു.

പെണ്ണിന്ന് ശക്തിയില്ലായിരുന്നെങ്കിൽ ശിവൻ എന്ന ദൈവമ ഉത്ഭവിക്കുമായിരുന്നില്ലെന്നു ചിലർ സ്ഥാപിക്കുന്നു.

യേശുക്രിസ്തുവിനെ അസാധരണാവസ്ഥയിൽ പ്രസവിച്ചു എന്നല്ലാതെ മറ്റു യാതൊരത്ഭുതമോ മറ്റെന്തെങ്കിലും എടുത്തുപറയത്തക്ക കാര്യമോ ചെയ്യാത്ത മറിയത്തെ ദൈവത്തിൻ്റെ മാതാവ് എന്ന നിലയിലേക്ക് ഉയർത്തി കഥ സൃഷ്ടിച്ചിരിക്കുന്നു, ക്രിസ്ത്യാനികൾ.

അജ്ഞാന കാലത്ത് അറബികൾ പെൺദൈവങ്ങളെ അല്ലാഹുവിൻ്റെ പെൺമക്കളായി സങ്കല്പിച്ച് ആരാധിച്ചിരുന്നതായി ചരിത്രം പറയുന്നു. അവയുടെ പ്രതിരൂപങ്ങൾ മക്കയിലെ കഅ്ബയിൽ പ്രതിഷ്ഠിച്ചിരുന്നു.

ഈ സ്ത്രീദൈവങ്ങളെ സൃഷ്ടിച്ചവരോടും സ്ത്രീകളോടും ചില കാര്യങ്ങൾ ചോദിച്ചുനോക്കാം.

പരാശ്രയമില്ലാതെ ഒരു സ്ത്രീക്ക് തനിയേ ജീവിക്കാൻ സാധിക്കുമോ? എന്തായാലും ഞാനൊരു സ്ത്രീയല്ലേ എന്നു പല സന്ദർഭങ്ങളിലും അവരുടെ ബലഹീനത സമ്മതിച്ചതായി നമുക്കറിയാം. പുരുഷന്മാരുടെ മേൽനോട്ടമോ സഹായമോ ഇല്ലാതെ ഒരു സ്ത്രീക്കും ജീവിക്കാൻ സാധ്യമല്ലെന്നതാണു സത്യം.

സ്ത്രീദൈവങ്ങളെപ്പറ്റി കഥ ചമച്ചവർ, അവരുടെ യൗവനകാലം, ലൈംഗികാവേശം, വിവാഹം, പ്രസവം ഇവയെപ്പറ്റിയെല്ലാം കഥയിൽ സൂചിപ്പിക്കേണ്ടിയിരിക്കുന്നു. ശരീരാവയവയങ്ങളുടെ സൗകുമാര്യത്തെപ്പറ്റിയും വർണ്ണിക്കണം. ഈ സങ്കല്പകഥകളും ദൈവത്തിന്റെ ഉയർന്ന അന്തസ്സിനു കോട്ടംതട്ടുന്ന കാര്യങ്ങളാണ്. ഈ ദൈവങ്ങളെപ്പറ്റി പരിശുദ്ധ ഖുർആൻ എന്തുപറയുന്നുവെന്നു നോക്കുക.

"യാതൊരറിവുമില്ലാതെ അല്ലാഹുവിനു പുത്രന്മാരെയും പുത്രിമാരെയും വിരചിക്കുന്നു. അവനോ ഈ ജനം വർണ്ണിച്ചുകൊണ്ടിരിക്കുന്നതിൽ നിന്നെല്ലാം പരിശുദ്ധനത്രെ."

സാധാരണ ജീവിതത്തിൽ തങ്ങൾക്കു പെൺസന്താനങ്ങൾ ജനിക്കുന്നതുപോലും ഇഷ്ടപ്പെടാത്ത ഈ ജനം, സ്ത്രീകളെ സർവ്വശക്തിയുള്ള ദൈവങ്ങളായും ദൈവത്തിന്റെ പെൺമക്കളായും ചിത്രീകരിക്കുന്നതു ഖുർആൻ ശക്തിയായ ഭാഷയിൽ ഖണ്ഡിച്ചു കാണിക്കുന്നു.

“ഇവർ അല്ലാഹുവിനു പുത്രികളെ സ്ഥാപിക്കുന്നു. അവനെത്ര പരിശുദ്ധൻ. അവർക്കോ അവർ ഇഷ്ടപ്പെടുന്നതും (ആൺസന്താനങ്ങൾ)!” (16:57)

“ഇനി ഈ ജനത്തിനോടൊന്നു ചോദിച്ചുനോക്കുക. നിന്റെ റബ്ബിനു പെൺമക്കൾ അവർക്കോ ആൺമക്കളും ആണോ? അതല്ല മലക്കുകളെ നാം സ്ത്രീകളായിത്തന്നെ സൃഷ്ടിച്ചതിന് ഇവർ ദൃക്സാക്ഷികളായതുകൊണ്ടു പറയുകയാണോ? അല്ലാഹു സന്തതിയെ ജനിപ്പിച്ചുവെന്ന് ഈ ജനം പറയുന്നത് അവരുടെ

ജല്പനങ്ങളിൽ പെട്ടതത്രെ. അവർ തികച്ചും കള്ളം പറയുന്നവരാണ്." (വി.ഖു. 37: 149-152)

അതുകൊണ്ട്, സ്ത്രീകൾ സർവ്വശക്തിയുള്ള ദൈവമായോ ദൈവത്തിന്റെ സഹധർമ്മിണിയോ മാതാവോ പുത്രിയോ ആയോ ഇസ്ലാം അംഗീകരിക്കുന്നില്ല. സത്യവാദത്തിൻ്റെ മുമ്പിൽ ഈ സങ്കല്പ കഥകൾ അശേഷം നിലനിൽക്കുകയുമില്ല.

12. പുനരാലോചനയ്ക്ക സമയമായി

ദൈവികജ്ഞാനം 1

ദൈവവിശ്വാസികളേ,

താങ്കൾ ദൈവവിശ്വാസിയാണോ? ആണെങ്കിൽ ദൈവം താങ്കളിൽ അവന്റെ അനുഗ്രഹങ്ങൾ വർഷിക്കുമാറാകട്ടെ, അടുത്തതായി, താങ്കൾ ഒരു ദൈവത്തിൽ വിശ്വസിക്കുന്നുവോ? അതോ ഒന്നിലേറെ ദൈവങ്ങളിൽ വിശ്വസിക്കുന്നുവോ? പല ദൈവങ്ങളുണ്ടന്നു വിശ്വസിക്കുന്നുവെങ്കിൽ ചില ചോദ്യങ്ങൾക്കു മറുപടി തരേണ്ടിയിരിക്കുന്നു.

(1) താങ്കൾ ദൈവമുണ്ടെന്നു സ്ഥാപിക്കുവാനായി ഏതെങ്കിലും നിരീശ്വരവാദിയോടോ ദൈവനിഷേധിയോടോ വാദപ്രതിവാദം ചെയ്തിട്ടുണ്ടോ? അല്ലെങ്കിൽ, ദൈവത്തെപ്പറ്റി അറിയാത്തവർക്കോ ചെറിയ കുട്ടികൾക്കോ ദൈവത്തിൻ്റെ അസ്തിത്വത്തെ സംബന്ധിച്ച സത്യം മനസ്സിലാക്കിക്കൊടുത്തിട്ടുണ്ടോ?

ഉണ്ടെങ്കിൽ അത്തരം സന്ദർഭങ്ങളിൽ, ഈ മഹാപ്രപഞ്ചത്തിന്റെയും പ്രപഞ്ചത്തിലുള്ള സർവ്വചരാചരങ്ങളുടെയും സൃഷ്ടിപ്പിനെപ്പറ്റിയും അതിൻ്റെ നിലനില്പിനെ സംബന്ധിച്ചും യാതൊരു ദൃശ്യമായ ബന്ധനങ്ങളുമില്ലാതെ നിലനിൽക്കുന്ന ആകാശത്തെപ്പറ്റിയും മറ്റനേകം ഗോളങ്ങൾ, നക്ഷത്രങ്ങൾ ഇവയെപ്പറ്റിയും മുറതെറ്റാതെ സംഭവിക്കുന്ന ഋതുഭേദങ്ങൾ, കാലാവസ്ഥ-ഇവയെപ്പറ്റിയും ഉണ ങ്ങിവരണ്ടുകിടക്കുന്ന ഭൂമി മഴക്കാലം വരുമ്പോൾ തൃണ-ലതാദിക ളാലാവൃതമാകുന്ന അത്ഭുതപ്രതിഭാസത്തെപ്പറ്റിയും, ഇപ്രകാരം ആ സൂത്രിതമായ പ്രാപഞ്ചിക സംവിധാനങ്ങളെപ്പറ്റിയും നിങ്ങളെടുത്തു പറഞ്ഞിരിക്കും. മാതാവിൻ്റെ ഗർഭാശയത്തിൽ പ്രവേശിച്ച ഒരു ഇന്ദ്രിയബിന്ദു മനുഷ്യക്കുഞ്ഞായി രൂപാന്തരം പ്രാപിക്കുന്ന, മനുഷ്യബുദ്ധിക്ക് അപ്രാപ്യമായ, ആശയത്തെപ്പറ്റിയും പറയും.

ഇനിയും ലോകത്തിലെ പല അത്ഭുത സംഭവത്തെപ്പറ്റിയും എടുത്തുപറഞ്ഞ ശേഷം നിങ്ങളെന്തു ചോദിക്കും? ദൈവവിശ്വാസമുറപ്പിക്കാൻ എന്തു ചോദ്യമാണ് നിങ്ങൾ ചോദിക്കുക?

ഈ അത്ഭുതപ്രതിഭാസങ്ങളെയെല്ലാം നിയന്ത്രിക്കുന്ന ഒരു ശക്തിയുണ്ടെന്ന സത്യം ഇപ്പോൾ നിങ്ങളംഗീകരിക്കുന്നില്ലേ? ഇപ്രകാരമല്ലേ നിങ്ങൾ ചോദിക്കുന്നത്?

അതായത്, ഈശ്വരവിശ്വാസം തുടങ്ങുന്നത് ഏകദൈവവിശ്വാസത്തിൽനിന്നാണെന്ന് ഇതു വ്യക്തമാക്കുന്നു. എന്നാൽ, ചില സഹോദരന്മാർ പല ദൈവങ്ങളെണ്ടെന്നു സങ്കല്പിച്ച് ആരാധിക്കുന്നു. ഒരു ദൈവമെന്ന ആരംഭവിശ്വാസത്തിനും ഇപ്പോൾ മനസ്സിലാക്കിയ തത്വത്തിനും വിരുദ്ധമല്ലേ ഇത്?

ഒരു ദൈവത്തിനു പകരം ഒന്നിലേറെ ദൈവങ്ങളുണ്ടായാൽ തീർച്ചയായും സംഘട്ടനങ്ങളും മത്സരങ്ങളും ഏറ്റുമുട്ടലുകളുമുണ്ടാകും. പലദൈവങ്ങളെപ്പറ്റിയുമുള്ള കഥകൾ പരിശോധിച്ചാൽ എപ്പോഴും രണ്ടു ദൈവങ്ങൾ തമ്മിൽ മത്സരവും സംഘട്ടനവും നടന്നതായി കാണാം.

അതുകൊണ്ട് എന്തുകൊണ്ടും ദൈവം ഒരുവൻ മാത്രമെന്ന സത്യമാണ് ബുദ്ധിക്കു സ്വീകാര്യമായത്. ദൈവഭക്തന്മാർ ദൈവങ്ങളെ പുകഴ്ത്തിപ്പാടുന്നതു സാധാരണമാണല്ലോ. പുകഴ്ത്തിപ്പാടുന്നവർ തീർച്ചയായും പുകഴ്ത്തുന്നവരെക്കാൾ ഉത്തമനും പരിശുദ്ധനും ആയിരിക്കണമല്ലോ. നമ്മൾ പാടിപ്പുകഴ്ത്തുന്ന ദൈവം നമ്മെപ്പോലെ ഒരു സ്ത്രീയുടെയും പുരുഷന്റെയും ലൈംഗികേച്ഛാപൂർത്തീ കരണത്തിന്റെ അനന്തരഫലമായി ഒരു മാതാവിന്റെ വയറ്റിൽ പിറന്നതാവാൻ പാടില്ലല്ലോ. ദൈവം ഏറ്റവും പരിശുദ്ധനും ആരുടെ ആ ഗ്രഹത്താലും പിറക്കാത്തവനായുമുള്ളവനാവണം.

അങ്ങനെയങ്കിൽ ദൈവം ഒരു മാതാവിനും പിതാവിനും ജനിച്ചവൻ എന്ന കഥ പൂർണമായും നിരാകരിക്കണം, അല്ലേ.

ദൈവഭക്തരായ നിങ്ങൾ പല ആവശ്യങ്ങൾക്കായി ദൈവത്തെ സ്തുതിക്കുകയും അവനോടു പ്രാർത്ഥിക്കുകയും ചെയ്യുന്നു. മനുഷ്യൻ്റെ ആവശ്യങ്ങളിൽ പ്രധാനമായ ഒന്നാണ് ഒരിണയും ആ ഇണയിൽനിന്നു ലഭിക്കുന്ന ശാരീരികസുഖവും. നമ്മൾ ആരാധിക്കുന്ന ദൈവം മാനുഷികാഭിലാഷമായ സ്ത്രീയും സ്ത്രീസുഖവും ആഗ്ര ഹിക്കുന്നവരായിരിക്കണമോ? അപ്രകാരം ചിന്തിക്കുന്നതുപോലും പാപമാണ്. അതായത്, ദൈവം ദാമ്പത്യസുഖം ആവശ്യമില്ലാത്തവനും യാതൊരു അഭിലാഷവും ഇല്ലാത്തവനുമാണ്.

ദൈവത്തിനു ഭാര്യാസന്താനങ്ങളുണ്ടെന്നു വിശ്വസിക്കുന്നത് ദൈവത്തെ അപമാനിക്കലാണ്. ഭാര്യാ-സന്താനങ്ങളുള്ള ദൈവിക കഥകൾ സൂക്ഷ്മമായി പരിശോധിച്ചാൽ സാധാരണജനത്തിന്റെ കുടുംബത്തിൽ നടക്കുന്നതു പോലുള്ള കലഹങ്ങളും ശണ്ഠകളും പ്രശനങ്ങളുമുള്ളതായി കാണാം. ഇതും ദൈവിക അന്തസ്സിനു കളങ്കം ചാർത്തുന്നതല്ലേ? ചിന്തിച്ചു നോക്കുക.

ഇത്രയും സത്യങ്ങൾ മനസ്സിലാക്കിയ താങ്കൾ ഒരു തീരുമാന ത്തിലെത്തിയിട്ടുണ്ടാവും. നാമാരാധിക്കുന്ന ദൈവം മേൽപ്രസ്താവിച്ചതുപോലുള്ള മാനുഷിക ഗുണങ്ങളില്ലാത്തവനും അതേ സമയം ഉയർന്ന ഗുണങ്ങളുള്ളവനായിരിക്കണം എന്നു കരുതുന്നില്ലേ?

പ്രിയ സുഹൃത്തേ,

നിങ്ങളിപ്പോൾ സങ്കല്പിക്കുന്ന ഗുണ നിലവാരമുള്ള ഒരു ദൈവത്തെപ്പറ്റി പ്രതിപാദിക്കുന്ന ഏതെങ്കിലും മതം ലോകത്തുണ്ടോ?

അതായത്, ഒരേ ഒരു ദൈവം, ആ ദൈവം ആർക്കും പിറന്നവനല്ല. അവൻ ആരെയും പ്രസവിച്ചിട്ടുമില്ല. അവൻ പരാശ്രയം ആവശ്യമില്ലാത്തവൻ. അവനു ഭാര്യയോ സന്താനങ്ങളോ ഇല്ല.

അവൻ ഏറ്റവും പരിശുദ്ധൻ. ഇപ്രകാരം ദൈവത്തപ്പറ്റി പ്രസ്താവിക്കുന്ന ഏക മതം ഇസ്‌ലാമാണ്.

ഇസ്ലാം പരിചയപ്പെടുത്തുന്ന പരിശുദ്ധനും പരമകാരുണികനും സർവ്വശക്തനുമായ ദൈവമാണ് അല്ലാഹു.

അല്ലാഹു എന്ന ഏകദൈവം അറബികൾക്കും മുസ്‌ലിംകൾക്കും മാത്രം സ്വന്തമായ ദൈവമല്ല. ഭൂലോകത്തുള്ള മനുഷ്യസമുദായത്തെ നോക്കി ഞാനാണു നിങ്ങളുടെ ദൈവം. എനിക്കു മാത്രം നിങ്ങൾ ആരാധന ചെയ്യുക എന്നാണ് അല്ലാഹു അവന്റെ വേദമായ പരിശുദ്ധ ഖുർആനിൽ അരുളിയത്. അതുകൊണ്ട് അല്ലാഹു നിങ്ങളുടെയും ദൈവമാണ്

സുഹൃത്തേ,

സത്യം മനസ്സിലാക്കാൻ ഇത്രയും നാളുകളായല്ലോ, ഇനി എന്താണു ചെയ്യുക എന്ന സംശയം വേണ്ട. സത്യം സത്യമായി അംഗീകരിക്കാൻ ഇനി അവധിയൊന്നുമില്ല.
സുഹൃത്തേ,

താങ്കളൊരു കുയിലിനെപ്പോലെ ഇത്രയും നാൾ കാക്കക്കൂട്ടിലാണു വളർന്നത്. ഇന്ന് താങ്കൾക്ക് ഒരേഒരു ദൈവം എന്ന ജ്ഞാനച്ചിറകു മുളച്ചു. ഇനി ചിറകുവിടർത്തി ജ്ഞാനക്കടലാകുന്ന ആകാശത്തേക്കു പറന്നുയരുക!

ഏകനായ അല്ലാഹുവിന്റെ പേരിൽ ഞാൻ താങ്കൾക്കു വാഗ്ദത്തം ചെയ്യുന്നു. ഞാൻ ആരാധിക്കേണ്ടത് ഒരേ ഒരു ദൈവത്തെയാണ് എന്ന ജ്ഞാനം ലഭിച്ച താങ്കൾക്ക് ഇന്നുമുതൽ ജീവിതത്തിൽ ശാന്തിയും സമാധാനവും സന്തോഷവും ലഭിക്കും. ജീവിതത്തിൽ തൃപ്തിയും പുരോഗതിയും തീർച്ചയായും ലഭിക്കും.

13. നിങ്ങളുടെ ദൈവം എങ്ങനെയുള്ളവൻ?

ദൈവികജ്ഞാനം 2

ദൈവവിശ്വാസിയായ സുഹൃത്തേ,ജനം മറ്റു പല ദൈവങ്ങളെയും അംഗീകരിക്കുന്നുവെങ്കിൽ തങ്ങൾ വിശ്വസിക്കുന്ന ദൈവം തങ്ങൾക്കു മാത്രം സ്വന്തമായിരിക്കണമെന്നാശിക്കുന്നു. മറ്റു ചിലർ അവരുടെ ദൈവം തന്റെ നാട്ടുകാർക്കും ജാതിക്കാർക്കും മാത്രം സ്വന്തമെന്നു കരുതുന്നു.

സുഹൃത്തേ,ഈ വിശ്വാസം നിങ്ങളംഗീകരിക്കുന്നുണ്ടോ? തീർച്ചയായും ഇല്ല. കാരണം, ദൈവം ഇത്തരം സങ്കുചിതമായ വേർത്തിരിവിന്നതീതനാണ്.

നാട്, നിറം, ഗോത്രം, ജാതി, ഭാഷ ഇവയുടെ അടിസ്ഥാനത്തിൽ തന്റെ സൃഷ്ടികളായ മനുഷ്യരെ ദൈവം വേർതിരിക്കുന്നില്ല. മാത്രമല്ല ഒരു വർഗത്തോടും പ്രത്യേക വെറുപ്പോ അവഗണനയോ പരിഗണനയോ കാണിക്കുന്നില്ല. ദൈവത്തിൻ്റെ അനുഗ്രഹം എല്ലാ മ നുഷ്യരാശിക്കും അർഹമായതാണ്. എന്നാൽ, അവൻ്റെ പ്രത്യേകമായ അനുഗ്രഹം അവനെ മനസ്സിലാക്കി അവനിൽ യഥാർത്ഥമായി വിശ്വാസമർപ്പിച്ച് ആരാധിക്കുന്നവർക്കു മാത്രമാണ്. ഇതാണ് ദൈവഭക്തിയുടെ യഥാർത്ഥ അടിസ്ഥാനം. ഈ ദൈവവിശ്വാസം തങ്ങൾ ക്കു മാത്രം സ്വന്തമെന്ന് ഒരു നാടും ജാതിയും ഗോത്രവും അവകാശവാദമുന്നയിക്കാൻ പാടില്ല. ഒരു സമ്പന്നന്റെ പക്കൽ ധാരാളം ഭൂസ്വത്തുക്കളും സമ്പത്തും മറ്റു ഭൗതികവിഭവങ്ങളുമുണ്ടായിരിക്കും. അതിനാൽ ദൈവവിശ്വാസം തങ്ങൾക്കു മാത്രം അവകാശപ്പെട്ടതെന്നു പറയാൻ പറ്റില്ല. അതേ സമയം, യാതൊരു ഭൗതികസമ്പത്തും കൈവശമില്ലാത്ത പരമദരിദ്രൻ ദൈവവിശ്വാസത്തിൽ മറ്റുള്ളവരെക്കാളും മുൻപനാവാം. അപ്രകാരം ആകുന്നുണ്ട് ചില മതവിശ്വാസികൾ. തങ്ങൾ, ദൈവത്താൽ പ്രത്യേകം തിരഞ്ഞടുക്കപ്പെട്ട ജനം, ഞങ്ങൾ വസിക്കും ഭൂമി പുണ്യഭൂമി എന്നെല്ലാം അവകാശവാദം ഉന്നയിക്കുന്നുണ്ട്.

ചില മതങ്ങളിൽ പൂജാവഴിപാടുകളിലും ആരാധനാകർമ്മങ്ങളിലും മറ്റും സമ്പന്നർക്കു മുൻഗണനയും പ്രത്യക സൗകര്യങ്ങളും നല്കാറുണ്ട്. അധികം സംഭാവന നല്കുന്നവർക്ക് എല്ലാ കാര്യത്തിലും മുൻഗണന നല്കപ്പെടും.

സുഹൃത്തേ,

ഇപ്രകാരം ദൈവത്തെ നാട്, കുലം, ജാതി ഇങ്ങനെ സങ്കുചിതമായ ഒരു വ്യത്തത്തിനുള്ളിൽ അടച്ചുവെക്കുന്നതു തെറ്റാണെന്നു തോന്നുന്നില്ലേ? പണക്കാരനാണെന്ന കാരണത്താൽ ദൈവത്തിന്റെ മുമ്പിൽ പ്രത്യേക പരിഗണന നല്കുന്ന സമ്പ്രദായവും താങ്കൾ വെറുക്കുന്നില്ലേ?

ഒരു നാട്, കുലം, ജാതി എന്നിങ്ങനെ സങ്കുചിത വ്യത്തത്തിനുള്ളിൽപെടാത്ത അഖില ലോകർക്കായുള്ള ഏതെങ്കിലും മതമോ സിദ്ധാന്തമോ ലോകത്തിലുണ്ടോ?

ദൈവം എല്ലാ നാട്ടിനും സ്വന്തം. എല്ലാ ഗോത്രങ്ങൾക്കും ഭാഷക്കാർക്കും സ്വന്തം. മനുഷ്യനു ജാതിവ്യത്യാസമില്ല. എല്ലാ മനുഷ്യരും ഒരേ മാതാപിതാക്കൾക്കു പിറന്ന സഹോദരങ്ങളും. സമ്പത്തോ സമുദായത്തിലെ ഉയർന്ന അന്തസ്സോ അല്ല ഔന്നത്യത്തിന്റെ അളവു കോൽ. ദൈവവിശ്വാസവും ദൈവഭക്തിയും മാത്രമാണ് മനുഷ്യന്റെ ഔന്നത്യത്തിന്റെ മാനദണ്ഡം.

ഇപ്രകാരം തുറന്നു പ്രഖ്യാപിക്കുന്ന ഒരു സിദ്ധാന്തമാണ് ഇസ്ലാം. ഇസ്ലാം പഠിപ്പിക്കുന്ന ഈ ലളിതസുന്ദരതത്വങ്ങൾ താങ്കൾക്കു തൃപ്തികരമെങ്കിൽ ഇസ്ലാമിന്റെ അടിസ്ഥാനശിലയായ പരിശുദ്ധ ഖുർആനും ദൈവദൂതൻ മുഹമ്മദ് നബി(സ)യുടെ തിരുവചനങ്ങളും മുൻവിധിയില്ലാതെ പഠിക്കുക, നിഷ്പക്ഷമായി ചിന്തിക്കുക.

മാനവ സമുദയാമേ, ആദം എന്ന ആദിമനുഷ്യന്റെ സന്താനങ്ങളേ, എന്നിങ്ങനെയാണ് ലോകജനതയെ സംബോധന ചെയ്ത സുവിശേഷമറിയിക്കുന്നത്. പള്ളികളിലോ മക്കയിലെ

പുണ്യസ്ഥലത്തോ സമ്പന്നർക്കോ മറ്റ് ഉന്നത വ്യക്തികൾക്കോ യാതൊരു പരിഗണനയോ മുൻഗണനയോ ഇല്ല. ഇങ്ങനെയുള്ള ഇസ്ലാം മാർഗം താങ്കളുടെ മനസ്സംഗീകരിക്കുന്നോ? ഉണ്ടെങ്കിൽ അതേപ്പറ്റി കൂടുതലായി മനസ്സിലാക്കാൻ ശ്ര മിക്കുക. ജ്ഞാനം നേടുന്നതിനും നല്ല കാര്യങ്ങളെക്കുറിച്ചറിയുന്നതിനും ഒരിക്കലും വൈമനസ്യം കാണിക്കരുത്. ജ്ഞാനസമ്പാദനത്തിനു വൈമുഖ്യം കാണിക്കുന്നത് അജ്ഞാനത്തിലേക്കുള്ള തിരിച്ചു പോക്കാണ്.

താങ്കൾ ഒരു തേനീച്ചയെപ്പോലെയാണ്. തേൻ ലഭിക്കുന്ന സ്ഥലങ്ങളന്വേഷിച്ചു പാറിപ്പറക്കുകയാണു താങ്കളുടെ കടമ. ഇസ്ലാം ജ്ഞാനത്തേൻ നിറഞ്ഞ, പുഷ്പങ്ങൾ നിറഞ്ഞ ഒരു പൂങ്കാവനം. പാറിപ്പറന്നു വന്നാലും! ആത്മതൃപ്തി വരുവോളം ജ്ഞാനത്തേൻ നുകരാൻ വന്നാലും!!

14. ദൈവത്തിന് കാണിക്കയോ?

ദൈവികജ്ഞാനം 3

ചോദ്യം: ദൈവത്തിനു കാണിക്കകൾ നല്കുന്നതു ശരിയാണോ?

ഉത്തരം: ദൈവത്തിൻ്റെ അസ്തിത്വത്തിൽ വിശ്വസിച്ച താങ്കളുടെ മേൽ തീർച്ചയായും അവൻ്റെ അനുഗ്രഹങ്ങൾ വർഷിക്കും. എന്നാൽ, നമ്മുടെ വിശ്വാസം എങ്ങനെയുള്ളതാണെന്നു ചി ന്തിച്ചുനോക്കണം. ദൈവമേ, നിൻ്റെ അനുഗ്രഹങ്ങളിൽനിന്ന് എനിക്ക് അതു തരൂ, ഇതു തരൂ എന്നെല്ലാം പ്രാർഥിക്കുന്നതിൽ തെറ്റില്ല. എന്നാൽ നാം സാധാരണ ചെയ്യുന്നതുപോലെ ദൈവമേ എനിക്കിന്നയിന്ന കാര്യം സാധിച്ചുതന്നാൽ, അല്ലെങ്കിൽ ഇത്ര സമ്പത്തു ലഭിച്ചാൽ, നിനക്കു കുറച്ചു ചില്ലറ പണമോ അല്ലെങ്കിൽ എന്തെങ്കിലും നിസ്സാര വസ്തുവോ കാണിക്കയായി തരാം എന്ന വ്യാപാരം ഉറപ്പിക്കുന്ന രീതി ശരിയാണോ?

ഭാഗ്യക്കുറിയിൽ എനിക്കു പത്തുലക്ഷം കിട്ടിയാൽ ദൈവമേ അതിൽനിന്നു നിനക്കു കാണിക്കയായി ആയിരം രൂപ തരാം. ഈ ദുർഘടസ്ഥിതിൽനിന്നു നീ എന്നെ രക്ഷിച്ചാൽ, അല്ലെങ്കിൽ ഈ രോഗം ഭേദമാക്കിയാൽ നിനക്കിന്നയിന്ന സാധനം കാണിക്ക തരാം. ഇങ്ങനെയെല്ലാം പ്രാർത്ഥിക്കുന്നതു ശരിയാണോ?

പലിശ വ്യാപാരിയിൽനിന്നു പത്തുലക്ഷം കടം വാങ്ങിയാൽ മുതലോടു പലിശയും ചേർത്താണു തിരിച്ചുനല്കേണ്ടത്. നമ്മുടെ ദുരിതങ്ങളും രോഗങ്ങളും നീക്കി നമ്മെ അനുഗ്രഹിക്കുന്ന സർവ ശക്തനായ പ്രപഞ്ചനാഥന് ചില്ലറ നാണയങ്ങളും സാധാരണ സാധനങ്ങളും കാണിക്കയോ?

ഇതിന്റെ പേര് ദൈവഭക്തിയല്ല, ദൈവവുമായുള്ള വ്യാപാരമാണ്, ചിന്തിച്ചു നോക്കിയാൽ ചിരിക്കാൻ വകതരുന്ന, തരംതാണ വ്യാപാരം. താൻ വിശ്വസിക്കുന്ന ദൈവം എല്ലാം നല്കുന്നവനാണ്. വാങ്ങുന്നവനല്ല. തനിക്കു പാലൂട്ടുന്ന മാതാവിന് അതിനു പകരം നല്കാൻ കൈക്കുഞ്ഞ് ശ്രമിക്കുമോ? തൻ്റെ

രോഗത്തിന് മരുന്നു നൽകുന്ന മാതാവിനു ചികിത്സാചെലവു നല്കാൻ സന്താനം മുതിരുമോ ?

മനുഷ്യന്റെ ദുരിതങ്ങൾ അകറ്റുന്നതും അവൻ്റെ ആവശ്യങ്ങൾ പൂർത്തീകരിച്ചുകൊടുക്കുന്നതും ദൈവത്തിൻ്റെ അനുഗ്രഹങ്ങളിൽ പെട്ടതു മാത്രമാണ്. അതിനു പകരമായി കാണിക്ക നല്കുന്നത് അവൻ്റെ അതുല്യമായ അനുഗ്രഹങ്ങൾക്കു മൂല്യം നിശ്ചയിച്ച് അവമതിക്കലല്ലേ?

ഒരു മാതാവിനു തൻ്റെ കുഞ്ഞിൻ്റെ പാൽപ്പുഞ്ചിരി മാത്രം മതി. അമ്മേ, അമ്മേ എന്നു വിളിക്കുന്ന തേൻമൊഴി മാത്രം മതി. ദൈവം നല്കുന്നത് അവൻ്റെ അതുല്യമായ അനുഗ്രഹങ്ങൾക്കു പകരം ദൈവവിശ്വാസികളിൽനിന്നു യാതൊരു കാണിക്കകളും പ്രതീക്ഷിക്കുന്നില്ല. ദൈവത്തെ സ്മരിക്കുകമൂലം മനുഷ്യനുണ്ടാകുന്ന തൃപ്തിയും സമാധാനവും അവനെ പുകഴ്ത്തുന്നതും സ്തുതിക്കുന്നതും മാത്രമാണ് അവൻ കാണിക്കയായി പ്രതീക്ഷിക്കുന്നത്.

ഈ ചിന്ത താങ്കളിൽ ഉണ്ടാവണമെങ്കിൽ ദൈവം ആശകൾക്കും ആവശ്യങ്ങൾക്കും അതീതനും പരാശ്രയം വേണ്ടാത്തവനുമാണെന്ന സത്യം മനസ്സിലാക്കണം. തനിക്കു കാണിക്കവെക്കാൻ ആവശ്യപ്പെടാത്ത ദൈവമുണ്ട്. യഥാർഥദൈവം. ആ ദൈവം പരാശ്രയമുക്തൻ. അവൻ തനിക്കായി സൃഷ്ടികളിൽനിന്ന് യാതൊരു കാണിക്കയും സ്വീകരിക്കാൻ ഇഷ്ടപ്പെടുന്നില്ലെന്നു പറയുന്ന മതമോ സിദ്ധാന്തമോ ലോകത്തുണ്ടോ? തീർച്ചയായും ഉണ്ട്. അതാണ് ഇസ്ലാം.'

പള്ളിയിലേക്കു പോകുന്ന ഒരു മുസ്ലിമിനെ ശ്രദ്ധിക്കൂ. അവ എൻ്റെ കൈയിൽ കാണിക്കയായി ഒന്നും കരുതുന്നില്ല. 'വുളൂ' എന്ന അംഗശുദ്ധി മാത്രമെടുത്തുകൊണ്ടാണ് പള്ളിയിലേക്കു കടക്കുന്നത്. പരിശുദ്ധനായ ദൈവത്തിൻ്റെ മുമ്പിൽ പരിശുദ്ധരായി നിന്നു പ്രാർത്ഥിക്കണമെന്നതാണ് അതിലടങ്ങിയ തത്വം.

വുളു എന്നതു ശാരീരികവും മാനസികവുമായ ശുദ്ധീകരണവും നമസ്കാരമെന്നാൽ മനഃസംസ്കരണവും ആത്മസംസ്കരണവും. മറ്റു യാതൊരു കാണിക്കയും ദൈവത്തിനു കൊടുക്കേണ്ടതില്ല. അവൻ പ്രതീക്ഷിക്കുന്നുമില്ല.

പ്രിയ സുഹൃത്തേ, താങ്കളുടെ മനസ്സിൽ ഒരു സംശയം തോന്നിയേക്കാം. ദൈവത്തിനു കാണിക്കയൊന്നും വേണ്ടായെങ്കിൽ ദൈവത്തിൻ്റെ അനുഗ്രഹത്തിൽ നമുക്കു കിട്ടുന്ന സമ്പത്തു മുഴുവനും അനുഭവിക്കാനുള്ള അവകാശം ഇസ്ലാം മനുഷ്യർക്കു കൊടുക്കു ന്നുണ്ടോ?

തീർച്ചയായും ഇല്ല. ദൈവത്തിൻ്റെ അനുഗ്രഹത്താൽ ലഭിച്ച സമ്പത്തിൽനിന്നു നിൻ്റെ ചുറ്റുപാടുമുള്ള മറ്റാവശ്യക്കാർക്കും നല്കാൻ ഇസ്ലാം കല്പിക്കുന്നു. അങ്ങനെ നല്കിയാൽ മാത്രമേ നീയും നിൻ്റെ സമ്പത്തും പരിശുദ്ധമാവുകയുള്ളൂവെന്നും ഇസ്ലാം ഉപാധിവെക്കുന്നു. ഇപ്രകാരം നിർബന്ധമായി നല്കുന്ന ധർമ്മത്തിന് സക്കാത്ത് എന്നു പറയുന്നു. സകാത്ത് എന്ന പദത്തിന് പരിശുദ്ധമാക്കുക എന്നർത്ഥം. ഒരു നിശ്ചിത അളവിൽ സാധുക്കൾക്കും മറ്റാവശ്യക്കാർക്കും സകാത്ത് നല്കാൻ ഇസ്ലാം കല്പിക്കുന്നു.

സുഹൃത്തേ, ഈ വിവരണങ്ങളിൽനിന്നു പ്രധാനമായും നിങ്ങൾ ഗ്രഹിക്കേണ്ട കാര്യം ഇസ്ലാം പരിചയപ്പെടുത്തുന്ന ദൈവം സ്വയം പര്യാപ്തനും തൻ്റെ സൃഷ്ടികൾക്ക് അനുഗ്രഹങ്ങൾ വാരി വിതറി നല്കുന്നവനും തനിക്കായി യാതൊരു കാണിക്കയും ആവശ്യപ്പെടാത്തവനുമാണ്. എന്നാൽ താൻ നല്കിയ സമ്പത്തിൽനിന്നു വിശ്വാസികൾ മറ്റാവശ്യക്കാർക്കു നല്കാൻ കല്പിക്കുന്നുമുണ്ട്.

പ്രിയമുള്ളവരേ, ഇങ്ങനെയുള്ള ഒരു ദൈവത്തെയല്ലേ നിങ്ങൾ ഇതുവരേക്കും അന്വേഷിക്കുന്നത്? ഇതാണ് നിങ്ങളുടെ ദൈവം. ഇതാണ് നിങ്ങളുടെ മാർഗം. ഈ ദൈവവും മാർഗവും മുസ്ലിം കൾക്കു മാത്രം അവകാശപ്പെട്ടതാണെന്ന് ഒരിക്കലും ചിന്തിക്കരുത്.

സുഹൃത്തേ, നിങ്ങൾക്കും നിങ്ങളുടെ കുടുംബത്തിനും മറ്റുലോകമനുഷ്യർക്കുമാകമാനമായുള്ള ദൈവമാണ് അല്ലാഹു. അവന്റെ മാർഗമാണ് ഇസ്‌ലാം. നിങ്ങളാഗ്രഹിച്ചിരുന്നത് നിങ്ങൾക്കെത്തിച്ചുതന്നു. ഇതിനെപ്പറ്റി കൂടുതൽ ചിന്തിക്കേണ്ടത് പ്രിയ വായനക്കാരായ നിങ്ങളാണ്.

15. പൂർവ്വമതത്തെ പാടേ ഉപേക്ഷിക്കണമോ?

ദൈവഭക്തരേ, ഇപ്പോൾ നിങ്ങൾക്കു മറ്റൊരു സംശയം കൂടി മനസ്സിൽ തോന്നുന്നുണ്ടാവും. ഏകദൈവമെന്ന തത്വം അംഗീകരിച്ചാൽ പഴയ മതത്തെയെല്ലാം ഉപേക്ഷിക്കണമോ എന്നതാണ് ആ സംശയം. നിങ്ങളുടെ പഴയ മതവും ഏകദൈവ സിദ്ധാന്തത്തെ അംഗീകരിച്ചതു തന്നെയാണെന്നു സൂക്ഷ്മപരിശോധനയിൽ മനസ്സിലാ വും. ഹിന്ദുതത്വങ്ങളുടെ അടിസ്ഥാനം 'പരമാത്മാവ്' എന്ന ഏക ദൈവവിശ്വാസമാണ്. തമിഴ് സിദ്ധന്മാരിൽ പൂർവികരായ തിരുമൂലർ 'ഒരേ കുലം, ഒരേ ദൈവം' എന്നാണു പറഞ്ഞിരുന്നത്. ഏകത്വത്തെ അടിവരയിട്ടു തറപ്പിച്ചുതന്നെ പറഞ്ഞിരുന്നു. അതുകൊണ്ട് ഏക ദൈവസിദ്ധാന്തത്തിൽ യാതൊരു വൈരുദ്ധ്യവുമില്ല.

'ആയിരം ദൈവങ്ങളുണ്ടെന്നു തേടിയലയുന്നവർ അറിവില്ലാത്ത വിഡ്ഢികൾ' എന്നു മഹാകവി ഭാരതീയാർ പാടിയിരുന്നു. ഇസ്ലാം ഇപ്രകാരം കടുത്ത ഭാഷയിലൊന്നും വിമർശിക്കാതെ വളരെ ലളിതമായി ദൈവം ഏകനാണെന്നാണു പറയുന്നത്.

ഹിന്ദുമതത്തിലെ മഹർഷിമാരിൽ പലരും ആത്മജ്ഞാനം ലഭിച്ചതിനുശേഷം കാട്ടിലും മലയുച്ചിയിലും വനാന്തരങ്ങളിലും പോയി തപസ്സ് ചെയ്തതിരുന്നപ്പോൾ പല ദൈവങ്ങളെ ആരാധിച്ചിരുന്നില്ല. ഏകാന്തതയിൽ ഒരു ദൈവത്തെ മാത്രം ആരാധിച്ചാണ് അവർ തപസ്സ് ചെയ്തിരുന്നത്.

"ബഹുദൈവാരാധനയും ചിത്രങ്ങളും വിഗ്രഹങ്ങളും വെച്ചുള്ള ആരാധനയും മന്ദജ്ഞാന"മെന്നായിരുന്നു ഹിന്ദു സന്യാസിയായിരുന്ന രാമലിംഗ അടികൾ പറഞ്ഞിരുന്നത്. ഉയർന്ന ജ്ഞാനമെന്നാൽ അരൂപിയായ, ഇണയും തുണയുമില്ലാത്ത ദൈവാരാധനയാണെന്നും പറയുന്നു. അറിയാതെപോലും പല ദൈവങ്ങളെ വൈഷ്ണവർ ആരാധിക്കുകയില്ലെന്നു വൈഷ്ണവത്തിൽ പറഞ്ഞിട്ടുണ്ട്. ബൈബിൾ പഴയ നിയമത്തിൽ യഹോവ ഏകദൈവത്തെ മാത്രം സൂചിപ്പിക്കുന്ന പ്രയോഗങ്ങൾ കാണാം. ക്രിസ്ത്യാനികളുടെ പ്രാർത്ഥനയിൽ യേശുക്രിസ്തു കർത്താവിനോടു

പ്രാർത്ഥിക്കുന്ന തായും കാണാം. അതുകൊണ്ട് എല്ലാ മതങ്ങളിലും അടിസ്ഥാനത ത്വമായും മൂലസ്രോതസ്സായും വിളങ്ങുന്നത് ഏകദൈവവിശ്വാസ മാണെന്നു വളരെ വ്യക്തമായി മനസ്സിലാക്കാൻ സാധിക്കും. ബഹു ദൈവവിശ്വാസം ഉപേക്ഷിച്ച് ഏക ദൈവവിശ്വാസം സ്വീകരിക്കുന്നത് ഒരിക്കലും നിങ്ങളുടെ മതതത്വങ്ങൾക്കു വിരുദ്ധമായതല്ല. പിൽക്കാലത്ത് എങ്ങനെയോ കലർന്നുപോയ മന്ദജ്ഞാനത്തെ, അന്ധ വിശ്വാസത്തെ ഉപേക്ഷിച്ച് അടിസ്ഥാനസ്രോതസ്സായ, മതത്തിന്റെ സമ്പത്തായ ഏക ദൈവവിശ്വാസത്തെ അംഗീകരിക്കുന്നതിൽ എന്തു തെറ്റാണുള്ളത്?

മതമെന്നാൽ ചില ബാഹ്യവേഷങ്ങളും ആഘോഷങ്ങളും ആചാരങ്ങളുമല്ല, വിശ്വാസമാണ് മതത്തിന്റെ അടിസ്ഥാനം. വിശ്വാസത്തിന്റെ ഏറ്റവും പരിശുദ്ധവും പരിപാവനവും ഉയർന്നതുമായ രൂപമാണ് ഏകദൈവവിശ്വാസം. "ആഗ്രഹാഭിലാഷങ്ങളിൽനിന്നു മുക്തമായ ദൈവത്തിൻ സ്നേഹവായ്പുകളെ സ്വീകരിക്കുക" തിരുവള്ളുവർ പറഞ്ഞിരിക്കുന്നു. മറ്റുള്ള ദൈവങ്ങളെയെല്ലാം ആഗ്രഹാഭിലാഷങ്ങളുടെ സമുച്ചയമായി കഥകളിൽ കാണാൻ സാധിക്കും. ആഗ്രഹാഭിലാഷങ്ങളിൽനിന്നു മുക്തമായ ഒരേഒരു ദൈവം ഇസ്ലാം പരിചയപ്പെടുത്തുന്ന ദൈവമായ അല്ലാഹു മാത്രമാണ്.

ഈ ഏക ദൈവവിശ്വാസത്തെ അറബിയിലും മറ്റും ആദ്യമായി ബോധിപ്പിച്ചതും പ്രചരിപ്പിച്ചതും മുഹമ്മദ് നബി(സ) മാത്രമാണന്നു ഖുർആൻ അവകാശപ്പെടുന്നില്ല. ലോകത്തുള്ള ഓരോ പ്രദേശത്തും ഈ സന്ദേശം ജനങ്ങളിൽ പ്രചരിപ്പിക്കുന്നതിനായി ദൈവ ദൂതന്മാരെ അയച്ചിരുന്നതായി ഖുർആൻ പറയുന്നു. അങ്ങനെ ഇന്ത്യയിലും പലദൈവദൂതന്മാർ വന്നിട്ടുണ്ടാവാം. അവരെല്ലാം ഏക ദൈവവിശ്വാസം പ്രചരിപ്പിച്ചിരിക്കാം. എന്നാൽ, കാലം ചെന്നപ്പോൾ വിശ്വാസത്തിൽ വന്ന വ്യതിയാനവും ദൗർബല്യവും അടിസ്ഥാനാദർശങ്ങളുടെ ദുർവ്യാഖ്യാനവും കാരണം ബഹുദൈവവിശ്വാ സം ഇടകലരാൻ കാരണമായി. അപ്രകാരം

അറേബ്യയിൽ ജനം ഏകദൈവാരാധന കൈവെടിഞ്ഞ് ബഹുദൈവാരാധന ആരംഭിച്ചപ്പോഴാണ് നബി നിയുക്തനായത്.

അരൂപിയായ ഏകദൈവത്തെ ആരാധിക്കുവാനായി പണിതുയർത്തിയ മക്കയിലെ കഅ്ബാ മന്ദിരത്തിൽ അക്കാലത്തെ 360 പ്ര തിരൂപങ്ങൾ സ്ഥാപിക്കപ്പെട്ട് ആരാധിച്ചിരുന്നു. ഈ അല്പജ്ഞാനം പ്രചരിച്ചിരുന്നപ്പോഴാണ് പൂർണജ്ഞാനമായ, നേർമാർഗത്തിന്റെ കവാടമായ ഏക ദൈവാരാധന സ്ഥാപിക്കുവാനായി നബി പ്രയത്നി ച്ചത്.

അങ്ങന, ക്രമേണ അറേബ്യൻ ജനം ഇടക്കാലത്താരംഭിച്ച ബഹു ദൈവാരാധന ഉപേക്ഷിച്ച് യഥാർത്ഥമായ, മൂലസ്രോതസ്സായ ഏക ദൈവാരാധനയിൽ ഏർപ്പെട്ടുതുടങ്ങി.

അതുപോലെ, നിങ്ങളും ഇടക്കാലങ്ങളിൽ മാത്രം പ്രചരിച്ച ബഹുദൈവാരാധനയെ ഉപേക്ഷിച്ച് ആരംഭ കാലങ്ങളിലുണ്ടായിരുന്ന ഏകദൈവാരാധന കൈക്കൊള്ളാൻ പോകുന്നു. ഒരനാഥക്ക് അവിചാരിതമായി പൂർവികസമ്പത്തു കിട്ടിയതുപോലെ, മലിന ജലം കുടിച്ചിരുന്നവർക്ക് ശുദ്ധജലം കിട്ടിയതുപോലെ, ജഡപിടിച്ച തലക്കു കാർക്കൂന്തൽ ലഭിച്ചപോലെ, നേരത്തെയുണ്ടായിരുന്ന അവ്യക്തവും അപൂർണവും സംശയാസ്പദവുമായ വിശ്വാസത്തിനു പകരം സുവ്യക്തതയും പൂർണതയും ഉറപ്പും കിട്ടുന്നതാണ് ഏകദൈവവിശ്വാസം.


പരമ്പരാഗതമായ, നിലവിലുള്ള ഈ വിശ്വാസത്തെ എങ്ങനെ ഉപേക്ഷിക്കുമെന്നത് മനശ്ചാഞ്ചല്യമുണ്ടാക്കിയേക്കാം. നിങ്ങളുടെ മുൻഗാമികളുടെ വസ്ത്രധാരണരീതി, സംസ്കാരം, ജീവിതരീതി, തൊഴിൽ-എല്ലാം അങ്ങനെത്തന്നെ നിങ്ങൾ പിന്തുടരുന്നുണ്ടോ? തീർച്ചയായും ഇല്ല. നമുക്കു യോജിച്ചതു സ്വീകരിച്ചു ബാക്കിയെല്ലാം നമ്മൾ ഉപേക്ഷിച്ചില്ലേ? പിന്നെ ഇക്കാര്യത്തിൽ മാത്രം എന്താണൊരു വൈമനസ്യം കാണിക്കുന്നത്?,

അടിസ്ഥാനമായതും സ്ഥായിയായതും ഏതാണെന്ന സംശയത്തിൽ നിന്നുണ്ടായതാണ് ഈ വൈമനസ്യം. ആരംഭ തലമുറയു ടെ വിശ്വാസം തന്നെയാണ് ഈ ഏകദൈവവിശ്വാസം എന്ന സത്യം മനസ്സിലാക്കിയാൽ ഈ വൈമനസ്യം മനസ്സിൽനിന്ന് അകന്നുപോകും.

മറ്റൊരു സംശയം: ഈ വിശ്വാസം സ്വീകരിച്ചാൽ മുസ്ലിംകളെപ്പോലെ വേഷ-ഭാഷ-ഭക്ഷണക്രമ-രൂപം സ്വീകരിക്കേണ്ടേ?

ഇതെല്ലാം രണ്ടാമതു ചിന്തിക്കേണ്ട കാര്യമാണ്. പ്രഥമവും പ്രധാനവുമായ കാര്യം സത്യം സ്വീകരിക്കുക എന്നതാണ്. ഹൃദയത്തിൽ ദൈവം ഏകനാണെന്ന സത്യം ഉറപ്പിക്കുക. അതു സ്വീകരിക്കുന്നതുകൊണ്ട് നഷ്ടപ്പെടാനൊന്നുമില്ല. നമ്മുടെ ഹൃദയത്തിലുണ്ടാ യിരുന്ന അജ്ഞതയുടെ അന്ധകാരം മാത്രമാണ് നഷ്ടപ്പെടുന്നത്. ആ ഘനാന്ധകാരം നമ്മെവിട്ടുപോയത് നമുക്കു വിലാപഗാനം പാടി ആഘോഷിക്കാം.
ഏകദൈവവിശ്വാസം വെള്ളിവെളിച്ചമാണ്. ജ്ഞാനത്തിന്റെ കുളിർക്കാറ്റാണ്. സോപാനമാണ്. പ്രപഞ്ചനാഥൻ നയിക്കുന്ന മാർഗമാണ് നമുക്കെല്ലാം നേർമാർഗം. ആ നേർമാർഗത്തിലൂടെ മുന്നോട്ടുപോകാൻ ചിന്തിക്കുക. നേർമാർഗം പ്രാപിക്കുക.

ദൈവാനുഗ്രഹം ഉണ്ടാവട്ടെ.







Who is Prophet Muhammed ?

Say, "I am not something new among the messengers, nor do I know what will be done with me or with you. I only follow that which is revealed to me, and I am no but a clear warner.
Quran 46:9







Quran
6 LANGUAGES



Scan here to read it

एक भगवान?
या
अनेक भगवान?



पढ़ने के लिए स्कैन करें

Its for you!
Fellow Muslims!!



Scan here to read

Are you also
the seeker
of True God?



Scan here to read

Truths told in
Quran about
Jesus and Mary



Scan here to read

Does God Exist?
Will He show up?



Scan here to read

Did the Quran
Predict Science?



Scan here to read

Why the Hindus,
Christians & Atheists
were searching for QURAN?



Scan to read

இறைவன்
இருக்கின்றானா?
நேரில் காட்சி
தருவானா?



படிப்பதற்கு ஸ்கேன் செய்யவும்